Registered No. M-4485 Madras War Review, Malayalam—6-10-1944

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1944 ഒക്ടോബർ 6-ാംനു വെള്ളിയാഴ്ച [ലക്കം 5



മാൎഷൽ മണ്ട്ഗോമറി

## ആൎണ്ണമിലെ വീരചരിതം

★

ആൎണ്ണമിലുണ്ടായ വീരചരിതത്തേക്കാൾ പ്രഖ്യാതമായ സംഭവങ്ങൾ അധികം ഉണ്ടാവുന്നതല്ല. നിങ്ങൾ നിൎവ്വഹിച്ച ഈ കൃത്യത്തെ പിൻതുടരുന്നവർ, നിങ്ങൾ കാണിച്ച തോതുകൾക്കൊപ്പം എത്തുന്നതിന്നു വളരെ വിഷമിക്കേണ്ടിവരും.

ബ്രിട്ടിഷ് സാമ്രാജ്യത്തിലെ സേനകളിൽ നിങ്ങൾ ചെയ്തപോലെ ചെയ്യാവുന്ന ഓഫീസർമാരും ഭടന്മാരും ഉണ്ടായിരിക്കുന്നേടത്തോളം കാലം, നമുക്ക് പരിപൂൎണ്ണവിശ്വാസത്തോടെ ഭാവിയെ വീക്ഷിക്കാം.

—1944 സപ്തെമ്പർ 30-ാംനു മാൎഷൽ മണ്ട്ഗോമറി, ആദ്യത്തെ ബ്രിട്ടീഷു വിമാനവാഹിതസേനാവിഭാഗത്തിന്നു നല്കിയ അഭിനന്ദനം.

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ആന്നമിലെ വീരചരിത്രം | 1 | ഒരു പുതുലോകം നിർമ്മിയ്ക്കുക | 9 |
| സ്മരണാർഹമായ ഒരു സംഗതി | 2 | യുദ്ധത്തിന്നുശേഷമുള്ള പുനഃനിർമ്മാണം | 10 |
| ആഴ്ചക്കുറിപ്പുകൾ | 3-5 | ഹരിക്കേയിൻസിനെ അഭിവാദ്യം ചെയ്യുക | 11-12 |
| ബർമ്മ യുദ്ധരംഗം | 6-8 | പുനർജ്ജന്മം | 13-16 |
| അജ്ഞാത ഭടന്മാർ | 8 | | |


# സ്മരണാർഹമായ ഒരു സംഗതി

ഇന്ത്യയും ആ രാജ്യത്തിലെ വമ്പിച്ച ജനസമൂഹവും ലോകത്തിലെങ്ങും ഉള്ള കൊടുങ്കാററിൻെറയും കോളിളക്കത്തിന്നും മദ്ധ്യത്തിൽ, സാമ്രാജ്യത്തിൻെറ പരിചയ്ക്കു പിന്നിൽ പ്രശാന്തമായി വിശ്രമിച്ചിട്ടുണ്ട്. ലോകത്തിലെ മറേറതു രാജ്യത്തേയൊ ജനസമൂഹത്തേയൊ എടുത്തു ഇന്ത്യയുമായി താരതമ്യപ്പെടുത്തിനോക്കിയാൽ, ഈ വാസ്തവം ബോദ്ധ്യപ്പെടും.



മി. ചർച്ചിൽ

ഈ വർഷത്തിൽ ആദ്യത്തെ ആറു മാസങ്ങൾക്കുള്ളിൽ, 14-ാം ബ്രിട്ടീഷ് ഇമ്പീരിയൽ സേനയിൽ 237,000 പേർ രോഗബാധിതരായി. വളരെ ബുദ്ധിമുട്ടോടുകൂടിയാണെങ്കിലും, അവരെ യുദ്ധക്കളത്തിൽനിന്നു മാററി ആസ്പത്രിയിലയച്ചു ചികിത്സിച്ചു. ഇതിന്നും പുറമെ 40,000 പേർ യുദ്ധത്തിൽ മരണം പ്രാപിച്ചു, ആദ്യത്തെ ആറു മാസങ്ങളിൽ. ജൂൺ അവസാനം വരേയുള്ള കണക്കാണിതു്. ഇപ്പോൾ തീർച്ചയായും ഈ സംഖ്യ വർദ്ധിച്ചിട്ടുണ്ടാവും.

അഡ്മിറൽ മൌണ്ട്ബാററൻെറ നേതൃത്വത്തിൽ ബർമ്മ അതൃത്തിയിലുണ്ടായ സംരംഭം—ഇതൊരു ഞെട്ടിക്കുന്ന സംഗതിയാണ്—ജാപ്പുസേനയ്ക്കെതിരായി ഇതേവരെയുണ്ടായ സമരങ്ങളിൽവെച്ച് ഏററവും മുഖ്യവും വമ്പിച്ചതുമായ ഒരു കരയുദ്ധമാണ്. നിസ്സാരവും നിരാശാജനകവുമായ ഒരു സ്തംഭനമായിരുന്നില്ല അതു്. ഈ യുദ്ധത്തിൽ 50,000 മുതൽ 60,000 ത്തോളം ജാപ്പു പട്ടാളക്കാർ കൊല്ലപ്പെട്ടു. ഇതുകൂടാതെ നൂററുക്കണക്കിൽ അവർ തടവുകാരായി പിടിക്കപ്പെടുകയും ചെയ്തു.

ജപ്പാൻെറ പട്ടാളം നമ്മുടെ പടയുടെ മുമ്പിൽ, പ്രചണ്ഡമായ പ്രഹരം സഹിച്ച് അഗാധമായ വിഷണ്ണതയോടെ പിൻവാങ്ങിക്കഴിഞ്ഞു. ഒന്നിനൊന്നു പിറകിലായി, കാട്ടിൽവെച്ച് ആത്മഹത്യചെയ്ത ജാപ്പുഭടന്മാരുടെ ശവങ്ങൾ നിറഞ്ഞ സ്ഥലങ്ങൾ നാം കണ്ടിട്ടുണ്ട്—ഈ കൃത്യങ്ങളിൽ മേൽനോട്ടം വഹിച്ച ആഫീസർ അവസാനമായി അയാളുടെ തന്നെ തലച്ചോറു തെറിപ്പിച്ചതും! നാം അവരോടു അവിടെ വരുവാൻ ആവശ്യപ്പെട്ടിട്ടില്ല. അവർ സ്വയം തീരുമാനിച്ചു വന്നതാണ്; അവർ വിഷമസ്ഥിതിയിൽ കുടുങ്ങുകയും ചെയ്തു.

എനിയ്ക്കു ഈ 'ഹൌസി'ന്നു ഉറപ്പു തരാൻ കഴിയും, ജാപ്പാൻകാർക്കും കാടുകളിലുള്ള മററു രോഗങ്ങൾക്കും എതിരായുള്ള യുദ്ധം ആവുന്നത്ര തീവ്രതയോടെ മുന്നോട്ടു കൊണ്ടുപോകുമെന്ന്."

—മി. ചർച്ചിൽ, ഹൌസ് ഓഫ് കോമൺസിൽ, സപ്തെമ്പർ 28-ാം തിയ്യതി ചെയ്ത പ്രസംഗത്തിൽനിന്ന്

# ആഴ്ചക്കുറിപ്പുകൾ

## മഞ്ചൂറിയയും വിമോചനത്തിലേക്ക്

ഈയിടെയായി സൂപ്പർഫോർട്ട്സ് വിമാനങ്ങൾ മഞ്ചൂറിയയിൽ ബോംബുവർഷം ആരംഭിച്ചിട്ടുണ്ട്. ജപ്പാനീസ് ആധിപത്യത്തിൽ കിടന്നു വലയുന്ന ഈ രാജ്യത്തിന്റെ വിമോചനാവസരം ആസന്നമായെന്നാണ് ഇതു് കുറിക്കുന്നതു്. 1905 ൽ പെക്കിൻ ഉടമ്പടിയനുസരിച്ചു് പ്രത്യേക അവകാശങ്ങൾ ലഭിച്ച മുതൽ ജപ്പാൻ മഞ്ചൂറിയാ രാജ്യത്തെ കൈവശപ്പെടുത്താൻ ഉദ്ദേശിച്ചിരുന്നു. 1931 ൽ ജപ്പാൻ മഞ്ചൂറിയായെ ആക്രമിച്ചുപിടിച്ചു; ഒരു 'പാവഭരണം' സ്ഥാപിച്ചു പുയി എന്ന ആളെ ചക്രവർത്തിയാക്കി വാഴിച്ചു. അന്നുമുതൽ ജപ്പാനിലെ വ്യാപാരത്തലവന്മാരും വ്യവസായപ്രമുഖന്മാരും സമ്പന്നമായ ഈ രാജ്യത്തെ സാമഗ്രികളും, അസംസ്കൃതപദാർത്ഥങ്ങളും ചൂഷണം ചെയ്യാൻ തുടങ്ങി.

സഖ്യശക്തികളുടെ ഉദ്ദേശം ജപ്പാന്നു് മഞ്ചൂറിയയിലുള്ള ലോഹഖനികളും തൊഴിൽശാലകളും തകർത്തുകയും, അങ്ങിനെ ജപ്പാന്റെ ഉല്പാദനരീതികൾ ഗണ്യമായ കോട്ടം വരുത്തുകയുമാണ്. അതിന്നുള്ള പ്രാരംഭകൃത്യങ്ങൾ സൂപ്പർഫോർട്ട്സ് വിമാനങ്ങൾ ചെയ്തുതുടങ്ങി. മഞ്ചൂറിയയുടെ വിമോചനനാടകത്തിലെ നാന്ദിയാണിതു്. മഞ്ചൂറിയ ജപ്പാന്റെ ധാന്യശാലയും ആയുധകേന്ദ്രവുമാണ്.

## ജപ്പാന്നു പററിയ വമ്പിച്ച നഷ്ടങ്ങൾ

കഴിഞ്ഞ അല്പം ആഴ്ചകൾക്കിടയിൽ ജപ്പാന്നു ഭീമമായ വിധത്തിൽ കപ്പലുകളും വിമാനങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ചും ഫിലിപ്പൈൻ ദ്വീപുകളോടു് തൊട്ടുകിടക്കുന്ന കടൽപ്രദേശങ്ങളിൽ. ഇതിന്നുള്ള ഒരു മുഖ്യകാരണം ജപ്പാന്നു ആകാശവിമാനങ്ങൾ കുറവായതിനാലാണ്. ഈയിടെ മാർഷൽ മൊൺട്ഗോമറി വിമാനസേന ഈ യുദ്ധത്തിൽ എന്തു



മാർഷൽ ഗവറോവ്;
ബാൾട്ടിക് യുദ്ധരംഗത്തിലെ റഷ്യൻ സൈന്യാധിപൻ

മഹത്തായ സ്ഥാനമാണ് വഹിച്ചിട്ടുള്ളതെന്നു് വ്യക്തമാക്കുകയുണ്ടായി. ജപ്പാൻ അവരുടെ നാവികസേനയെ പുറത്തുവിടാൻതന്നെ ഭയപ്പെട്ടിരിക്കുന്നു. വിമാനങ്ങളുടെ സഹായമില്ലാതെ നാവികസേനകൊണ്ടു ഫലമില്ല. അമേരിക്കൻ യുദ്ധപ്രചരണകാര്യാലയത്തിൽനിന്നുള്ള (യുസോവി) ഒരു കണക്കുപ്രകാരം ജപ്പാന്നു് 50,002 വിമാനങ്ങൾ നാശപ്പെട്ടിരിക്കും; കൂടാതെ 750 വിമാനങ്ങൾ നാശമായെന്നു സംശയിക്കപ്പെടുന്നു. നാവികസേനയിലുള്ള നഷ്ടം ഇതിലും ഭീമമാണ്. മുങ്ങിക്കപ്പലുകളാൽ 778 കപ്പലുകൾ മുക്കുകയും 37 എണ്ണം മുക്കിയതായി കരുതപ്പെടുകയും, 115 എണ്ണം നാശപ്പെടുകയും ചെയ്തിരിക്കുന്നു. ആകാശാക്രമണത്താൽ 445 യുദ്ധക്കപ്പലുകൾ മുക്കപ്പെട്ടു; 425 എണ്ണത്തിന്നു കേടുപററി. 225 എണ്ണം മുങ്ങിയതായി ഊഹിക്കപ്പെടുന്നു. വേറെയുള്ള 1,171 കപ്പലുകൾ മുക്കി, 1,269 എണ്ണത്തിന്നു കേടുപററി, 323 എണ്ണം മുങ്ങിയതായി ഊഹിക്കപ്പെടുന്നു.


ഈ ഭയങ്കരനാശങ്ങൾ ജപ്പാന്റെ നട്ടെല്ലു് പൊട്ടിച്ചിട്ടുണ്ട്. ഫിലിപ്പൈൻ അടുത്തു് സഖ്യശക്തികൾ കൈവശപ്പെടുത്തും. എന്നാൽ ജപ്പാന്റെ പകുതി ശക്തിയും പോയി; പരാജയം അപരിത്യാജ്യവുമായി.

## ജർമ്മൻ പിതൃരാജ്യത്തിൽ കടന്നാക്രമണം ആരംഭിച്ചു

മി. ചർച്ചിലിനെപ്പോലെ ഈ യുദ്ധത്തിന്റെ ശരിയായ ഒരു സംക്ഷേപം നൽകുവാൻ ആർക്കും പ്രാപ്തിയില്ല. പ്രസിഡെണ്ടു് റൂസ്‌വെൽട്ടുമായി പത്താമത്തെ അഭിമുഖസന്ദർശനം കഴിഞ്ഞു വന്നശേഷം അദ്ദേഹം എല്ലാവർക്കും ഒരു താക്കീതു നൽകി: ജർമ്മൻ പട്ടാളമേധാവിത്വത്തെ നശിപ്പിക്കുന്നതിന്നുള്ള കാലനിർണ്ണയകാര്യത്തിൽ വളരെ ശ്രദ്ധിക്കേണ്ടതുണ്ടെന്നു്. ഫ്രാൻസ്, ഹോളണ്ടു്, ബെൽജിയം എന്നീ രാജ്യങ്ങളിലെ പോർമുനകളിൽ കടുത്ത യുദ്ധം നടക്കുന്നു. ജർമ്മൻകാർ അവിടങ്ങളിൽ കിണഞ്ഞു ചെറുക്കുന്നുണ്ടു്. ജർമ്മനിക്കു ഇതു് കനത്ത ജീവന്മരണസമരമാണ്. കലേസ് വീണുകഴിഞ്ഞു.

ഡൺകിർക്കും, ഷെൽഡും ഉടൻതന്നെ ജർമ്മൻകാരുടെ ബാധയിൽനിന്നു് സ്വതന്ത്രമാവും. കലെസ് വീണതുമൂലം ഇംഗ്ലണ്ടു് കൂടുതൽ സുരക്ഷിതമായി. അതേപോലെത്തന്നെ ജർമ്മനിക്കു് അപായം അധികരിക്കുകയും ചെയ്യു. ജർമ്മനിയിലേക്കു സഖ്യശക്തികൾ തള്ളിക്കയറുമ്പോൾ എത്രയധികം എതിർപ്പു് അവിടെ അവർക്കു അഭിമുഖീകരിക്കേണ്ടിവരും എന്നതിനെക്കുറിച്ചു് ധാരാളം ഊഹാപോഹങ്ങളുണ്ടു്. കഴിഞ്ഞ 80 വർഷങ്ങളോളമായി ജർമ്മനിയിൽ കടന്നാക്രമം ഉണ്ടായിട്ടില്ല. മററുള്ള ആളുകളുടെ രാജ്യത്തുവെച്ചു് യുദ്ധംചെയ്യുക എന്നതു് ജർമ്മനിയുടെ ഒരാചാരമായിരുന്നു. ഇപ്രാവശ്യം ആ സൂത്രം തകർന്നുപോയി. ബൽഫോർട്ടു് മുനയിലും സഖ്യശക്തികൾ മുന്നോട്ടു കയറിയിരിക്കുന്നു. പല മുനകളിലും സഖ്യശക്തികൾ അനുകൂലമായ പരിതസ്ഥിതികൾ കാണുമാറുണ്ടു്. ജർമ്മനിക്കു സ്വന്തരക്ഷയുള്ള വഴികൾ നോക്കേണ്ടിവന്നിരിക്കുന്നു. ജർമ്മൻകാരുടെ പ്രതിരോധം ഭീമമായിരിക്കും. ഹിററ്ലർ അതിന്നായി അയാളുടെ ഏററവും ഉന്മാദമുള്ള അനുയായികളെ നിയോഗിക്കുമെന്നതു് തീർച്ചയാണു്.

# ലോകമഹാ യുദ്ധം





## ഗ്രീസിന്റെ വിമോചനം ആരംഭിക്കുന്നു

ക്രീററിന്നും ഗ്രീസിന്നും ഇടയിലുള്ള പല ദ്വീപുകളിലും സഖ്യശക്തികൾ ഇറങ്ങിയിരിക്കുന്നു. ഈ പടയിറക്കത്തിന്റെ ഉദ്ദേശം രക്ഷപ്പെടാൻ ഭാവിക്കുന്ന ജർമ്മൻകാരെ പിടിക്കുകയും, ഗ്രീസിനെ വിമോചിപ്പിക്കയുമാണു്. അവരുടെ ബലത്തെപ്പററിയുള്ള ഗർവ്വു് നിറഞ്ഞ 1941ൽ ജർമ്മൻ സേനകൾ യൂഗോസ്ലേവിയയും ഗ്രീസും ആക്രമിച്ചു പിടിച്ചു. ഇന്നു് അവരാക്രമിച്ച രാജ്യങ്ങളിൽവെച്ചുതന്നെ അവർ കെണിയിലകപ്പെട്ടുന്നു. ചുവപ്പു സേനയും, ടിറേറാവിന്റെ സേനകളും തമ്മിൽ യോജിച്ചിരിക്കുന്നു. അൽബേനിയയിലും സഖ്യശക്തികൾ ഇറങ്ങിക്കഴിഞ്ഞു. ബാൾക്കനിൽ നടക്കുന്ന യുദ്ധം ജർമ്മൻ പട്ടാളത്തെ അടിച്ചുവാരിയെടുക്കുകയാണെന്നു പറയാം.

## റഷ്യ യൂഗോസ്ലാവിയയിലേക്കു്

ചുവപ്പുസേന യൂഗോസ്ലാവ്യയിലേക്കു കുതിച്ചു കടന്നിരിക്കുന്നു. ബൽഗ്രേഡ് പിടിക്കാൻ ഉന്നം വെച്ചാണു് ഈ പോക്കു് — ആ നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ മാർഷൽ ടിറേറാവിന്റെ സേനകൾ എത്തിയതായി റിപ്പോർട്ടുകൾ പ്രസ്താവിക്കുന്നു. വാർസയിൽ നിന്നുള്ള വാർത്ത വളരെ സന്തോഷകരമല്ല. പാരച്ച്യൂട്ടിൽനിന്നു ഇട്ടുകൊടുക്കുന്ന സാമാനങ്ങളെ ആശ്രയിച്ചുമാത്രം ഒരു താഴ്ന്ന തരം പട്ടാളക്കാർക്കു എന്നും യുദ്ധം ചെയ്യാമെന്നു പ്രതീക്ഷിക്കാൻ വയ്യ. പിന്നീടു്, ജർമ്മൻകാർക്കു പോളിഷുകാരോടും, ജൂതരോടുമുള്ള വെറുപ്പുമൂലം അവർ ഉന്മാദത്തോടെ പോരാടുന്നതാണു്; ഈ മർമ്മസ്ഥാനത്തുള്ള നഗരത്തിന്റെ പ്രാധാന്യം അവരെ കിണഞ്ഞ യുദ്ധത്തിന്നു പ്രേരിപ്പിക്കുന്നുമുണ്ടാവാം. സോവിയററു റഷ്യയും പോളിഷ് ഗവർമ്മേണ്ടും തമ്മിൽ ഉള്ള പുതിയ ബന്ധത്തെ സഖ്യശക്തികളെല്ലാം ആദരിച്ചിരിക്കുന്നു. തന്മൂലം, ഈ യുദ്ധരംഗത്തിൽ പുതിയ സംഭവവികാസങ്ങൾ ഉണ്ടാവുമെന്നു് പ്രതീക്ഷിക്കാവുന്നതാണു്.

# ഇങ്ങിനെ കാണുക




## ഇററലിയിലെ ജർമ്മൻസേനയുടെ മക്കടമുഷ്ടി

റമിനി വീണു കഴിഞ്ഞു; ഗോതിക് നിര ഭേദിക്കപ്പെട്ടു, ജർമ്മൻസേന ആകപ്പാടെ തകരാറായി. എന്നിട്ടും ഹിററ്ലർ ഇററലിയൻ യുദ്ധകാര്യത്തിൽ ഇങ്ങിനെ ഒരു മക്കടമുഷ്ടി കാണിക്കുന്നതെന്താണു്? ജർമ്മനിക്കു സ്വന്തരാജ്യരക്ഷക്കു എല്ലാ സേനകളും ആവശ്യമാണു്. എങ്കിലും, ഇററലിയൻ രംഗത്തിലേക്കു പുതിയ സേനകളെ അയക്കുന്നുണ്ടു്. ഇററലിയിൽനിന്നു ജർമ്മൻകാരെ പുറത്താക്കിയാൽ ജർമ്മനിക്കു കൂടുതൽ ആപൽകരമാണു്. അപ്പോൾ സഖ്യസേനകൾക്കു യൂഗോസ്ലാവിയയിലേക്കു പാഞ്ഞു കയറാം; അങ്ങിനെ മാർഷൽ ടിറേറാവിന്റെയും റഷ്യയുടേയും സേനകളുമായി യോജിച്ചു് വിയന്നയിലേക്കും തെക്കുകിഴക്കൻ ജർമ്മനിയിലേക്കും കടന്നു ചെല്ലാം. കൈസർലിങ്ങ് കീഴടങ്ങുന്ന കാര്യം സംശയാസ്പദമാണു്. അപ്പെന്നിനിലെ പർവ്വതനിരകളിൽനിന്നു ആയാൾ യുദ്ധം തുടരും. യുദ്ധത്തെ നീട്ടിക്കൊണ്ടു പോകാനുള്ള സന്ദർഭങ്ങൾ ഇവിടെ ധാരാളം ഉണ്ടു്. പക്ഷെ ഒരിക്കൽ യുദ്ധം പോതാഴ്‌വരയിലെ മൈതാനപ്രദേശങ്ങളിലേക്കു വ്യാപിച്ചാൽ കൂടുതൽ ഗംഭീരങ്ങളായ സംഭവഗതികൾ ഉണ്ടാവുന്നതാണു്.

**വിജയം നൂനം നമ്മൾ-**
**ക്കാ രണാങ്കണം നാളെ-**
**രിപു വൃന്ദത്തിന്നുള്ള-**
**ശവസംസ്കാര സ്ഥലം.**

**വളരുമാവെണ്ണീറിൽ,**
**സമത്വസാഹോദര്യം-**
**വിളയുമൊരുലോകം**
**സ്വാതന്ത്ര്യപരിപൂർണ്ണം!**

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ഒക്ടോബർ 6-ാംനു, വെള്ളിയാഴ്ച


## ബർമ്മ യുദ്ധരംഗം

ബ്രിട്ടീഷ് പ്രധാനമന്ത്രിയും, ഇന്ത്യ സിക്രട്ടറിയും ഈയിടെ ബർമ്മയിൽ സംഭവിച്ചതും സംഭവിക്കാനിടയുള്ളതുമായ സംഗതികളെപ്പററിചെയ്ത രണ്ടു പ്രസ്താവനകൾക്കു ശേഷം, ആർക്കും അവയെപ്പററി യാതൊരു സംശയങ്ങളും ഉണ്ടാവാൻ അവകാശമില്ല. ബർമ്മാരംഗത്തിൽ യുദ്ധം ചെയ്യുന്നവരോടു്—വെളുത്തവരും, മഞ്ഞനിറമുള്ളവരും, കറുത്തവരും, തവിട്ടുനിറക്കാരും ഇങ്ങിനെ വല്ല വർണ്ണമുള്ളവരും ഇതിലുണ്ടു്—പൊതുവെ നീതി പ്രദർശിപ്പിക്കുന്നതിന്നു എല്ലാ കാര്യങ്ങളും വിശദമായി വിവരിക്കേണ്ടിയിരിക്കുന്നു. മററെന്തിനേക്കാളുമധികം, കാലാവസ്ഥയും ഭൂസ്ഥിതിയുമാണു് ബർമ്മയെ ലോകത്തിലെ ഏററവും അധികം വിഷമംപിടിച്ച പോർക്കളമാക്കിയതു്. ബർമ്മയിലുള്ള സേനകൾക്കു്, പണ്ടു നായാടുന്ന വർഗ്ഗങ്ങൾക്കുമാത്രം അറിഞ്ഞിരുന്ന, കാട്ടിലെ യുദ്ധരീതികൂടി പരിശീലിക്കേണ്ടിവന്നു. വർദ്ധിച്ച തീക്ഷ്ണമായ ഉഷ്ണവും, ധാരധാരയായി പെയ്യുന്ന വർഷവും നിറഞ്ഞ ഒരന്തരീക്ഷത്തിൽ, പ്രകൃതിയിലുള്ള ആപൽക്കരങ്ങളായ വ്യാധികളുമായി മല്ലിട്ടുകൊണ്ടാണു് ഇവർ കാട്ടുപടലങ്ങളിൽ പ്രവേശിച്ചതു്. വസ്തുതകളെല്ലാം ഇപ്പോൾ വ്യക്തമായിരിക്കുന്നു. ജപ്പാൻകാരല്ല, മലമ്പനിയാണു് ഏതാണ്ടു് രണ്ടര ലക്ഷത്തോളം ഭടന്മാരെ നശിപ്പിച്ചതു്. മലമ്പനിയെ എതിർത്തു് ജയം നേടിക്കഴിഞ്ഞു. പതിനാലാംപട, ഈ ഭയങ്കരമായ പരിതസ്ഥിതികൾക്കിടയിൽ, കരയുദ്ധത്തിൽ ജപ്പാൻകാർക്കു് ഇതേവരേയും പററാത്ത വിധത്തിൽ അത്ര വമ്പിച്ച പരാജയം ഏല്പിച്ചു.

ബർമ്മയിൽനിന്നു വന്ന പട്ടാളക്കാരെ കണ്ടിട്ടുള്ള ഞങ്ങൾക്കറിയാം, ചർച്ചിൽ എത്ര ശരിയായിട്ടാണു് സംഗതികളെ വിവരിച്ചതെന്നും, അദ്ദേഹം പതിനാലാം പടക്കു കൊടുത്ത അഭിനന്ദനം എത്രമാത്രം ന്യായമാണെന്നും. ഈ ധീരന്മാർ ഒരു ശത്രുവിനെ മാത്രമല്ല, അനവധി ശത്രുക്കളെ വെല്ലുവാൻ സാധിച്ചിട്ടുണ്ടു്. അപ്പോൾ, കിഴക്കൻ ഹിമാലയത്തിലെ പർവ്വതനിരകളിലും കാട്ടുകളിലുമുള്ള പ്രകൃതിയേക്കാൾ മേത്തരമായ സ്ഥിതികളുണ്ടായാൽ എത്ര വേഗത്തിലും എത്ര എളുപ്പത്തിലും അവർക്കു ജപ്പാൻകാരെ ജയിക്കാൻ സാധിക്കും? നമ്മുടെ വിജയത്തിന്റെ കാൽവെപ്പുകളെ ത്വരിതപ്പെടുത്തുന്ന ഒരു വാസ്തവമാണിതു്.

## ദേശീയതത്വത്തിന്നു സ്ഥാനമില്ല

എന്തിനും കൂസലില്ലാത്തവരും, മനസ്സാക്ഷിയില്ലാത്തവരുമായ ചില അമേരിക്കൻ പത്രപ്രവർത്തകന്മാരുടെ ധിക്കാരപരമായ കള്ളങ്ങൾകൊണ്ടു് ഒരു കാര്യമെങ്കിലും സാധിച്ചു. ഇതേവരയും രാജ്യരക്ഷാപരമായ കാരണങ്ങളാൽ പരസ്യപ്പെടുത്താത്ത സംഗതികൾ പലതും ഇപ്പോൾ പുറത്തുവന്നു. ഈ പത്രപ്രവർത്തകന്മാരുടെ കുതന്ത്രങ്ങളുടെ ഉദ്ദേശ്യം പ്രസിഡെണ്ടു് റൂസ്‌വെൽട്ടിനെ വിഷമിപ്പിയ്ക്കലാണു്. എന്നാൽ, ചർച്ചിൽ ഐക്യരാഷ്ട്രങ്ങളുടെ പേരിൽ പ്രസംഗിച്ചു; കാര്യങ്ങളെല്ലാം ശരിപ്പെടുകയും ചെയ്തു. അങ്ങിനെ ചെയ്തതിനാൽ, അദ്ദേഹം ഈ വിഷയം രാഷ്ട്രീയ കാര്യങ്ങൾക്കും മേലെ ഉയർത്തിവെച്ചു. അദ്ദേഹത്തിന്റെ പ്രസംഗം സഖ്യശക്തികളുടെ മറുപടി എന്ന നിലയിലാണു്. പ്രസിഡെണ്ടു് റൂസ്‌വെൽട്ടു് പ്രസംഗിച്ചിരുന്നാൽ അദ്ദേഹവും ഇതേ കാര്യങ്ങൾതന്നെയാണു് പറയുക. ഒരുപക്ഷെ കൂടുതൽ ദൃഢവും തുറന്നതുമായ രീതിയിലായിരിക്കും അദ്ദേഹത്തിന്റെ പ്രസംഗം. തന്മൂലം, പ്രധാനമന്ത്രിയുടെ പ്രസ്താവനയിൽ അദ്ദേഹത്തിന്നു അഭിപ്രായവ്യത്യാസം ലവലേശം ഉണ്ടാവാൻ ഇടയില്ലതന്നെ. പക്ഷെ അദ്ദേഹത്തിന്റെ പ്രസംഗം, രാഷ്ട്രീയശത്രുക്കൾ ഒരു രാഷ്ട്രീയമായ മറുപടിയാണെന്നു വ്യാഖ്യാനിയ്ക്കും.

ലോകവ്യാപകമായ ഈ യുദ്ധത്തിൽ പ്രധാനമായ ഒന്നല്ല ദേശീയത എന്നു ചർച്ചിൽ കാണിച്ചു. ബർമ്മരംഗത്തിൽ പൊരുതുന്ന എല്ലാ സേനകളേയും അദ്ദേഹം അഭിനന്ദിച്ചു. പ്രത്യേകിച്ചും, അമേരിക്കൻ പട്ടാളത്തിന്നു അദ്ദേഹം നൽകിയ അഭിനന്ദനം ഉദാരവും സ്നേഹപൂർണ്ണവുമായിരുന്നു. ഈ യുദ്ധത്തിൽ ദേശീയതത്വത്തിന്നു യാതൊരു സ്ഥാനവുമില്ല. ഏകീകൃതമായ ഒരു നേതൃത്വവും, ലക്ഷ്യങ്ങളെ സംബന്ധിച്ച ഐക്യവും ആണു് നമ്മുടെ ബലത്തിന്റെ സുദൃഢങ്ങളായ മൂലപ്രമാണങ്ങൾ.

UNIVERSITY LIBRARY MADRAS 10 FEB 1946

ഈ യുദ്ധത്തിന്റെ ലക്ഷ്യം ഫാസിസത്തെ, അതിന്റെ എല്ലാ രൂപങ്ങളിലും, നശിപ്പിക്കണം എന്നതാണ്. വേർപെട്ടൊഴിഞ്ഞിരിക്കണമെന്ന ദേശീയ മനോഭാവം ഫാസിസത്തിന്റെ ഒരു വശമാണ്.

മിത്രന്മാരുടെ യോജിപ്പിന്മേലുള്ള തത്വങ്ങളിൽ അടിസ്ഥാനപ്പെടുത്താതെയാണ് ഈ യുദ്ധം ചെയ്യുന്നതെങ്കിൽ, വിവിധങ്ങളായ ജനകീയശക്തികൾ ദേശത്തേയും വർഗ്ഗത്തേയും രാഷ്ട്രീയവ്യത്യാസങ്ങളേയും അതിലംഘിച്ച് ലോകവ്യാപകമായ ഒരു സംഘമായി യോജിച്ചിരുന്നില്ലെങ്കിൽ, അഞ്ചു കൊല്ലങ്ങൾക്കു ശേഷവും സഖ്യശക്തികൾ ഗംഭീരമായവിധം ഇന്നു മേൽക്കിടയിൽ എത്തുമായിരുന്നില്ലേ!

## വിജയം മനുഷ്യസമുദായത്തിന്നു മുഴുവനും

ആസന്നമായി സമാഗതമാവുന്ന വിജയം ലോകത്തിന്നു മുഴുവനും ഉള്ളതാണ്. ഒരിക്കലും, ഒരു രാജ്യത്തിലെ ജനങ്ങളുടെ പരിമിത വിജയമായി അതു കരുതപ്പെട്ടിട്ടില്ല, റഷ്യക്കോ, ബ്രിട്ടനോ, അമേരിക്കക്കോ, ചൈനക്കോ മാത്രമുള്ള ഒരു വിജയമായിരിക്കാതെ, മനുഷ്യവർഗ്ഗത്തിന്നാകമാനം ഉള്ള ഒരു വിജയമായിരിക്കും; ജർമ്മനി, ഇററലി, ജപ്പാൻ തുടങ്ങിയ ശത്രുരാജ്യങ്ങളിലെ ഇനിമേൽ പിറക്കുന്ന തലമുറകളുടേയും, അതേമാതിരി നമ്മളുടേയും വിജയമായിരിക്കും.

അതേസമയത്തു് വ്യക്തി എന്ന നിലക്ക് ഒരു ഭടനൊ, രാജ്യത്തിന്നോ സ്വന്ത നേട്ടങ്ങളെപ്പററി അഭിമാനം കൊള്ളാവുന്നതാണ്—അതേപോലെത്തന്നെ അയൽപക്കക്കാരുടെ നേട്ടങ്ങളെപ്പററിയും. ഉദാഹരണമായി, ലോകം മുഴുവനും ഇന്ന് ആർണ്ണത്തിലെ ധീരന്മാരെ ശ്ലാഘിക്കുന്നു. പ്രത്യേകിച്ചും ബ്രിട്ടനും കോമൺവെൽത്തും അവരെപ്പററി അഭിമാനിക്കുന്നു. എങ്കിലും ഐക്യരാഷ്ട്രങ്ങൾ ഏകീകൃതമായ ഒരു യുദ്ധശക്തിയെന്ന നിലയിലാണ് വർത്തിക്കുന്നതു്. എത്ര സുധീരകൃത്യങ്ങൾ ചെയ്യുതിനാലും ഒരു രാജ്യത്തിന്നുമാത്രം, വിജയം കൈവന്നാൽ അതിന്റെ അവകാശം പറയാൻ നിവൃത്തിയില്ല. ഇന്നത്തെ വിജയയാത്രക്കു് സാധിച്ചതു് ലക്ഷക്കണക്കിൽ പട്ടാളക്കാർ ലോകത്തിലെ യുദ്ധരംഗങ്ങളിൽ ചെയ്യുന്ന ഏകീകൃതമായ സമരം നിമിത്തമാണ്; യുദ്ധരംഗങ്ങൾക്കു പിന്നിൽ ലോകത്തിലെ ജനസാമാന്യം ചെയ്തുവരുന്ന ആയിരമായിരം ത്യാഗങ്ങളുടെ ഫലമായിട്ടാണ്. ഒരു വ്യക്തിയുടേയോ നഗരത്തിലേയോ ധീരകൃത്യങ്ങൾ ഉണ്ടായിരിക്കാം. ഉദാഹരണമായി ലണ്ടൻ, സ്റ്റാലിൻഗ്രാഡ്, മണിപ്പൂർ ഇവയെടുക്കാം. ഇവ ശോഭനവും മറക്കാൻ നിവൃത്തിയില്ലാത്തതുമായ ഉദാഹരണങ്ങളാണ്. ബാക്കിയുള്ള ജനകീയശക്തികൾക്കു യുദ്ധം തുടരുന്നതിന്നുള്ള ദൃഢനിശ്ചയവും, എന്ത് ആപത്തിനേയും മുഖീകരിക്കാനുള്ള ധൈര്യവും ഇവ നൽകുന്നു.

118736
27249
V1:4:N3M2 H5

## സഹകരണം നിറഞ്ഞ ഒരു ലോകത്തിലേക്ക്

ജനകീയഭരണവും മററുള്ള ഗവർമ്മെണ്ടുകളും തമ്മിലുള്ള മുഴുവൻ വ്യത്യാസവും നേതൃത്വത്തെ സംബന്ധിച്ച ഗണനയിൽ ദർശിക്കാവുന്നതാണ്. യുക്തിയാലും സത്യത്താലും നിർണ്ണയിക്കപ്പെട്ടതാണ് ജനകീയമായ നേതൃത്വം. അതിന്റെ എല്ലാ രൂപങ്ങളിലും, ഫാസിസം അന്ധവും ഭ്രാന്തവുമായ ഒരു വിശ്വാസത്തിന്മേലാണ് നേതൃത്വത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതു്. ജനകീയഭരണത്തിൽ വ്യക്തിക്കു ആയാളുടെ അഭിമതമനുസരിച്ചുള്ള വിശ്വാസം കൈക്കൊള്ളുന്നതിന്നുള്ള അവകാശമുണ്ട്. അന്യോന്യം ഒന്നിച്ചു ഇടപഴകി അയൽപക്കക്കാരുമായി കൂടിക്കഴിയുന്ന പൊതുവായ പ്രായോഗിക കാര്യത്തിൽ ഈ സ്വാതന്ത്ര്യത്തെ ചിലപ്പോൾ പരിമിതപ്പെടുത്തേണ്ടിവരും. ബർമ്മയിലുള്ള ചൈനക്കാർ, ആഫ്രിക്കക്കാർ, ബ്രിട്ടീഷുകാർ, ഇന്ത്യക്കാർ, ഇവർക്കോരോരുത്തർക്കും അവരവരുടെ പാരമ്പര്യങ്ങളും, ഭക്ഷണരീതിയും, ഭാഷയും, സംസ്കാരങ്ങളും കലർന്ന ഓരോ സ്വന്തലോകങ്ങളുണ്ട്. പക്ഷെ, ഇവ അവരുടെ പൊതുവായ ലക്ഷ്യത്തിന്നു മുമ്പിൽ തെല്ലും വിലങ്ങടിച്ചു നിൽക്കുന്നില്ല. അതായതു, ബർമ്മക്കാരെ—വീണ്ടും "വ്യത്യസ്തമായ" മറെറാരു ജനസമൂഹം—ജപ്പാന്റെ നുകത്തിൻ കീഴിൽനിന്നു സ്വതന്ത്രമാക്കുക എന്ന സദുദ്ദേശത്തിൽനിന്നു്.

ബർമ്മയിലെ സേന ഒരേ ഒരു നിശ്ചയത്തോടെയാണ് പ്രവർത്തിച്ചിട്ടുള്ളതു്. നേരെ മറിച്ചായിരുന്നെങ്കിൽ ഒരിക്കലും ഈ വിജയങ്ങൾ കൈവരുമായിരുന്നില്ലതന്നെ. ഏഷ്യ, യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക തുടങ്ങിയ എല്ലാ ഭൂഖണ്ഡങ്ങളിൽനിന്നും വരുന്ന ബർമ്മസേനയിലെ ഈ വീരന്മാരായ പോരാളികൾ പ്രകൃതിയുമായി മല്ലിട്ടു; പ്രാചീനവനാന്തരങ്ങളിൽ റോഡുകൾ നിർമ്മിച്ചു; അല്പം വെള്ളം കുടിച്ചും പലപ്പോഴും കുടിക്കാതെയും, പാരച്യൂട്ടിൽനിന്നു ഇട്ടുകൊ

(7-ാം പേജിൽനിന്നു തുടർച്ച)

ടുക്കുന്ന സാമഗ്രികളെമാത്രം ആശ്രയിച്ച്, കിഴുക്കാംതൂക്കായ മലകളിൽ ഇഴഞ്ഞു; ലോകത്തിലെ ഭീമമായ പർവ്വത നിരകൾക്കു മേൽ പറന്നു; കാടുകൾ വെട്ടിത്തെളിയിച്ച്, സേനകളേയും പടക്കോപ്പുകളേയും ആകാശമാർഗ്ഗമായി ഇറക്കി. ഇങ്ങിനെ എന്തൊക്കെ കാര്യങ്ങളാണിവർ ഏകീകരിച്ചു ചെയ്തു തീർത്തത്!

ഈ ഏകീകൃതമായ പ്രവർത്തനം, ബർമ്മയിലും, പാസഫിക്കിലും, യൂറോപ്പിലും ഉള്ള യുദ്ധങ്ങൾ കഴിഞ്ഞാലും തുടരണം. ഐക്യരാഷ്ട്രങ്ങളുടെ കൂട്ടുസേന, താറുമാറായ കുഴപ്പം പിടിച്ച ലോകത്തെ വീണ്ടും നിർമ്മിക്കുന്നതിനുള്ള ഒരു അടിസ്ഥാനമാണ്. ശിശുപ്രായത്തിൽ മുളച്ചു പൊന്തുന്ന ഈ പത്രപ്രവർത്തക ഫാസിസ്റ്റുകളും, പക്ഷപാതികളായ ദേശീയവാദികളും, വർഗ്ഗീയവാദികളും, ഇഷ്ടംപോലെ ചിലച്ചോട്ടെ. ശരിയായും പൂർണ്ണമായും വാസ്തവങ്ങളെ ആരായുന്നതായാൽ ഒരു നവീന ലോകത്തിന്റെ ആവിർഭാവം ആർക്കും ദർശിക്കാവുന്നതാണ്.



തൻനാട്ടി, ലച്ചൈനയിൽനിന്നു ജാപ്പു-
കാട്ടാളവർഗ്ഗത്തെയടിച്ചുകററാൻ,
പഠിച്ചിടുന്നീപ്പടയാളിവർഗ്ഗം
പോരിന്റെയോരോ മുറയീവിധത്തിൽ.

# അജ്ഞാതഭടന്മാർ

ഉടുപ്പില്ല, ഷൂകേറും തൊപ്പിയില്ല, തിന്മേലെ-
ത്തൊടുത്തുവെച്ചിട്ടില്ല മുദ്രകളൊന്നും തന്നെ.
ചെയ്തിട്ടേയില്ലിക്കൂട്ടർ പലരും കവാത്ത, വ-
രെന്നിട്ടും പട്ടാളക്കാരു, ശിര ത്രുക്കേറുന്നോർ!
വൃദ്ധന്മാർ, യുവാക്കന്മാർ, കുട്ടികൾ, വനിതക-
ളൊക്കെയേയുണ്ടിങ്ങെല്ലാം പട്ടാളക്കാരാണത്രേ!
കരിയാലുഴാൻ മാത്രമറിയും കർഷകന്മാർ
തൊഴിൽശാലയിൽ വേലചെയ്തീടും തൊഴിലാളർ,
കുഞ്ഞിനെപ്പോററീടുന്ന മാതാക്കൾ, തെരുവിങ്കൽ
തെണ്ടുന്ന കൊച്ചുപിള്ളരെല്ലാരും പട്ടാളക്കാർ!
കണ്ടിട്ടില്ലാരും പണ്ടുകേട്ടിട്ടുമില്ലിത്തരം
സൈന്യത്തെപ്പററി; എന്നാലസംഖ്യമുണ്ടിക്കൂട്ടർ.

II

ആയുധമവർക്കില്ല; കത്തിയും വടികളും
കാണുന്ന കല്ലും മണ്ണുമൊക്കെയായുധമത്രെ!
എങ്കിലുമിവർചെയ്യും പോരിന്റെ വീര്യത്തിനാൽ
വമ്പരാം ശത്രുവൃന്ദം, നശിപ്പൂ ദിനേദിനേ!
കുന്നിന്മേൽ, കാട്ടിനുള്ളിൽ, ഗ്രാമത്തിൽ, നഗരത്തി-
ലെങ്ങുമേ കണ്ടീടുമീ വിചിത്രപ്പട്ടാളത്തെ!
ഒന്നല്ലരണ്ടല്ലിവർ ലോകത്തിലാകമാനം
ചിന്നിയിട്ടുണ്ടായിരം ലക്ഷങ്ങൾ, പോരാളികൾ.
ആരിവരെന്തിന്നായി ത്യാഗങ്ങൾ ചെയ്യുന്നതെ,
ന്നാരാഞ്ഞാൽ, നമോവാകമോതും നാമവർക്കെന്നും!

III

ഫാസിസപ്പിശാചു തൻനാട്ടിന്നെയാകമാനം
ചൂഷണം ചെയ്താക്രമിച്ചടക്കി ഭരിക്കുമ്പോൾ,
മനുഷ്യൻ ചെയ്യാൻ മടിച്ചിടുമാ നൈഷ്ഠുര്യങ്ങൾ
വരുത്തി ജനങ്ങളെ ഹിംസിച്ചു രസിക്കുമ്പോൾ,
അടങ്ങിയിരിക്കുമോ ഭാവിയിപ്പിശാചിന്നാ-
യടവും വെച്ചിട്ടെന്നും ജനങ്ങളെല്ലാവരും?
എന്തിനും തയ്യാറവർ, ഇറങ്ങിപ്പോരാടീടാൻ
വഞ്ചനയില്ലാതാക്കാൻ, മാനത്തെസ്സംരക്ഷിപ്പാൻ.
ഹിററ്ലർതൻപ്രസിദ്ധമാം യൂറോപ്യൻകോട്ടയ്ക്കക-
ത്തിത്തരം രൂപീകൃതമായിതേ ജനസൈന്യം.
നാളെയീ വിരോധിയെ ചവിട്ടിപ്പായിച്ചെന്നാൽ
നാടിന്റെനായകന്മാരാകേണ്ടോരിവരല്ലേ?
അതിനായേതു ത്യാഗം ചെയ്യാനുമില്ല നഷ്ട-
മവർതൻകാലിലുള്ള ബന്ധനമൊന്നെന്നിയേ!

IV

ലോകമാദ്യമായ്ക്കണ്ടി സ്സേനതൻ നിപുണത
പാരീസിൻ വിമോചനവേളയിൽ മുഴുവനും.
യൂറോപ്പിലിന്നെങ്ങുമേ കാണ്മൂനാമിക്കൂട്ടരെ,
യൂഗോസ്ലാവ് രാജ്യംതന്നിൽ ടിറേറാവിൻകൂട്ടുകാരെ.
സഖ്യശക്തികൾ മുന്നോട്ടാഞ്ഞു കേറീടാനുള്ള
സർവ്വസൌകര്യങ്ങളും ചെയ്യുന്നിപ്പോർവീരന്മാർ.
മറക്കാൻ സാധിക്കുമോ സ്വാതന്ത്ര്യപ്രചോദിത-
മനസ്സരിവർ ചെയ്യും ലോകസേവനമാർക്കും?
ആയുധമില്ലെങ്കിലെന്താഹവ ശൂരരിവ-
ർക്കാവതല്ലാതില്ലൊന്നും ശത്രുവോടെതിരേല്ക്കെ.
നടുങ്ങിപ്പോവുന്നപോൽ വീമ്പന്മാർ ഫാസിസ്റ്റുകൾ
ഇവരോടടുക്കുമ്പോളൊളിച്ചു പായുന്നത്രേ!

V

ജയിക്ക സഖാക്കളേ, സ്വാതന്ത്ര്യം നേടാൻവേണ്ടി
പൊരുതും ധീരന്മാരേ, ജയിക്ക നിങ്ങൾ മേന്മേൽ.
എഴുതിൻ സമരത്തിൻ ചരിത്രം ജീവരക്ത-
മഷിയിൽ നാളെ ലോകം സുഖിച്ചീടട്ടെ ശാന്തം.
അന്നവ്യപ്രഭാതത്തിൽ, നാമെല്ലാമൊന്നിച്ചു ചേ-
ർന്നെങ്ങുമേയാഘോഷിക്കും വിജയോത്സവകാലം!

# ഒരു പുതുലോകം നിർമ്മിയ്ക്കുക!

## വിദ്യാർത്ഥികളോട് വൈസ്രോയിയുടെ ആഹ്വാനം



വേവൽ പ്രഭു

നിങ്ങളുടെ നാട്ടുകാരെ ഇനിയും ഗ്രഹിപ്പിക്കേണ്ട വിജ്ഞാനം ഗ്രന്ഥങ്ങളിലും, പ്രായോഗികപരിജ്ഞാനം അനുഭവത്തിലും വളരെ ഉണ്ട്. നിങ്ങൾ ആ കൃത്യം നിർവ്വഹിക്കുവിൻ. എന്നാൽ നിങ്ങളുടെ ജ്ഞാനസമ്പാദനം ഒരിക്കലും അവസാനിപ്പിക്കാതിരിക്കുക; ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിലുള്ള വിദ്യാഭ്യാസം തുടർന്നു തന്നെയിരിക്കുക. പിന്നീട്, ആവശ്യം വരുമ്പോൾ വിശ്വാസപൂർവ്വം നിങ്ങൾക്കു ഈ തത്വം പിൻതുടരാം, "നിങ്ങളുടെ സ്വന്തം മനസ്സിലുദിച്ചുവരുന്ന അഭിപ്രായത്തെ സ്വീകരിക്കുക. ഒരു വലിയ ഗോപുരദ്വാരത്തിലുള്ള ഏഴു കാവൽക്കാരെക്കാൾ അധികം നിങ്ങളെ ബോധിപ്പിക്കുന്നതിന്നു മനസ്സിന്നു കഴിയും" എന്ന തത്വം.

മനുഷ്യവർഗ്ഗം ഉള്ളവരേക്കും, വെറും വാനരന്മാരേക്കാൾ ശ്രേഷ്ഠമായിരിക്കുക സ്വഭാവമാണ്. അപ്പോൾ, ഈ സ്വഭാവം എന്നതിൻെറ സ്വഭാവമെന്താണ്? അതിലെ പ്രധാനമായ രണ്ടു ഘടകങ്ങൾ സത്യസന്ധതയും ധൈര്യവും ആണ്. ധൈര്യമില്ലാതെ സത്യസന്ധതയുണ്ടാവുകയില്ല; സത്യത്തിൻെറ അഭാവത്തിൽ യാതൊരു ഗുണവും ഉണ്ടാകാൻ നിവൃത്തിയുമില്ല.

നിങ്ങൾ, നിങ്ങളിൽ പലരു, പരിപൂർണ്ണ മനുഷ്യത്വം പ്രാപിക്കുന്നതു്, അതായതു, പ്രായപൂർത്തിയിലെത്തുന്നതു ലോകം ഇതേവരെയും അഭിമുഖീകരിക്കാത്ത പല വമ്പിച്ച പ്രശ്നങ്ങളും സമ്മേളിക്കുന്ന ഒരു ദശയുടെ അവസാനത്തിലാണ്. കഴുഞ്ഞുമറിഞ്ഞ ഒരു ലോകം കുറെക്കൊല്ലങ്ങളോളം നിങ്ങൾ കണ്ടേന്നുവരാം—ഒരു പെരുത്ത കഷ്ടാവസ്ഥയിൽ ഇളകിക്കലങ്ങിയ ഒരു ലോകം. ഈ കൊടുത്ത ദുരിതാവസ്ഥയിൽനിന്നു തികച്ചും മോചനം പ്രാപിക്കുന്നതിന്നു കുറച്ചുകാലംകഴിയും. അതുകൊണ്ടു ഊർജ്ജസ്വലമായ പ്രവർത്തനവും, സന്മനസ്സും, വിവേകവും, ഇന്നടിയന്തരാവശ്യമായിരിക്കുന്നു. എങ്കിൽ മാത്രമേ ശാസ്ത്രം നമ്മുടെ മുമ്പിൽ തുറന്നുവെച്ചിട്ടുള്ള നിസ്സീമമായ ആനുകൂല്യങ്ങളെ മനുഷ്യനു അനുഭവിക്കാനും, തന്മൂലം സ്ഥിതിഗതികളെ നന്നാക്കുവാനും സാദ്ധ്യപ്പെടുകയുള്ളു.

ഇന്ത്യാരാജ്യത്തിൽ പ്രത്യേകിച്ചും പുരോഗമനത്തിന്നുള്ള മഹനീയ സാദ്ധ്യതകളുണ്ടു്. അതേമാതിരി വമ്പിച്ച വിപത്തുകൾക്കും. ഒരു യുവാവു ഒരിക്കലും വിഷമം കണ്ടു അന്ധാളിച്ചു നില്ക്കരുതു്; കിട്ടുന്ന അവസരത്തെ എപ്പോഴും സ്വാഗതം ചെയ്യുവാൻ ആയാൾ സന്നദ്ധനായിരിക്കണം. എനിയ്ക്കറിയാം, ഇന്നു നിങ്ങൾ കണ്ടുവരുന്ന ഈ കുഴപ്പത്തിന്നിടയിൽ നിന്നുതന്നെ ഒരു പുതിയ ലോകം നിർമ്മിക്കുക എന്ന വിശിഷ്ടകൃത്യം സമാരംഭിക്കുവാനുള്ള രസകരമായ ഒരവസരം നിങ്ങൾക്കു ലഭിക്കുമെന്നു്.

### നമുക്കു് ഭാവിയിൽ പല വമ്പിച്ച പ്രശ്നങ്ങളുമുണ്ടു്.

ജനങ്ങൾക്കു ഇന്നു ഭക്ഷണം ആവശ്യമാണു, പണ്ടേത്തേക്കാൾ മികച്ചമട്ടിൽ; അവർക്കു എല്ലാവർക്കും പാർക്കുവാനുള്ള വസതികൾ വേണം, മുമ്പേത്തേതിലും നല്ല രീതിയിൽ; വസ്ത്രധാരണം ചെയ്യണം, പണ്ടേത്തേക്കാൾ മേത്തരമായ വിധത്തിൽ; സർവ്വോപരി, കൂടുതൽ വിദ്യാഭ്യാസം ആവശ്യമാണ്; മാത്രമല്ല വിദ്യാഭ്യാസത്തിൻെറ ഫലം ആസ്വദിക്കുന്നതിന്നുവേണ്ടത്ര വിശ്രമവേളയും വേണ്ടിയിരിക്കുന്നു ഇതെല്ലാം തന്നെ സാദ്ധ്യമാണ്; ഇതെല്ലാം ചെയ്തുതീർക്കണം താനും. ഇവയെല്ലാം നടപ്പിൽ വരുത്തുവാനും അങ്ങിനെ പുരോഗമനത്തിൻെറ പാതയിലേക്കു കുതിക്കുവാനും നിങ്ങളുടെ തലമുറയായിരിക്കും.

ഞാൻ കവിത വായിക്കുന്നതിൽ വളരെ അഭിരുചിയുള്ള ഒരാളാണെന്നും ചിലപ്പോൾ കവിത എടുത്തു ഉദ്ധരിക്കാറുണ്ടെന്നും നിങ്ങൾ ഒരു പക്ഷെ കേട്ടിരിക്കും. കഴിഞ്ഞ യുദ്ധത്തിൽ മരണമടഞ്ഞ ഒരു കവിയുടേതും എൻെറ ഓർമ്മയുള്ളതുമായ ചില വരികൾ ചൊല്ലി ഞാൻ പ്രസംഗത്തെ അവസാനിപ്പിക്കാം.

"ആദ്യമായ്, ലോകം പിറന്നതിൽപ്പിന്നീടു,
ചെറുതുമേ മാറാത്ത, വസ്തുക്കൾ രണ്ടുതാൻ:
പച്ചപിടിച്ചൊരി ബ്ഭൂവിൻെറ രമ്യത,
മറെറതു മാനവർക്കുള്ളതാം ധൈര്യവും"

ഏതു കാലത്തും നിലനില്ക്കുന്ന രണ്ടു വസ്തുക്കളാണു് അവയെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ഭൂമിയുടെ സൌന്ദര്യം കണ്ടറിയുവാനും ആസ്വദിക്കുവാനും നിങ്ങൾക്കു കഴിയുമെങ്കിൽ, വിധി നിങ്ങൾക്കു എന്തുതന്നെ നല്കിയാലും അതിനെ സധീരം നിങ്ങൾ അഭിമുഖീകരിക്കുമെങ്കിൽ, നിങ്ങൾ നിങ്ങളുടെ ജീവിതകർത്തവ്യം മികച്ചു സഫലീകരിക്കുമെന്നു ഞാൻ കരുതുന്നു.

[വേവൽപ്രഭു സിംലയിലുള്ള ബിഷപ്പ് കോട്ടൻ സ്കൂളിൽ 1944 സപ്തെമ്പർ 10-ാംനു ചെയ്ത ഒരു പ്രസംഗത്തിൽനിന്നു്.]

---

"കൽക്കണ്ടത്തുണ്ടും കടിച്ചു—കാർന്നു
പുഞ്ചിരി തൂകുന്നതെന്തേ?
നാസികൾ നാട്ടിലിരിയ്ക്കേ—നിന-
ക്കാവുമോ പുഞ്ചിരിതൂകാൻ?"



ചൊല്ലിയബ്ബാലക, "നെൻെറ—നാട്ടി
ലില്ലിപ്പോൾ ശത്രുക്കളൊന്നും.
സഖ്യഭടന്മാരും ഫ്രഞ്ചു—കാരും
ആട്ടിയോടിച്ചിതവരെ
സ്വാതന്ത്ര്യം വീണ്ടും പുലർന്നൻ—നാട്ടി
ലോണക്കാലം പറന്നെത്തി!
നാളെപ്പുലർച്ചയിലെത്തു—മിങ്ങു
പാരീസിൽനിന്നെൻെറയച്ഛൻ—
കൈവന്നുപോയി വിജയം—ഫ്രാൻസു-
ഫ്രഞ്ചുകാർക്കായിപ്പോൾ വീണ്ടും."

# യുദ്ധത്തിന്നു ശേഷമുള്ള പുനഃനിർമ്മാണം

## മദിരാശി സംസ്ഥാനത്തിന്നുള്ള പദ്ധതികൾ

മനുഷ്യരുടെ ദുഷിച്ച വികാരങ്ങളെമാത്രമല്ല യുദ്ധം ഇളക്കിവിടുന്നുള്ളു; യുദ്ധംമൂലം മനുഷ്യനിലുള്ള സവിശേഷഗുണങ്ങൾകൂടി പ്രത്യക്ഷപ്പെടാറുണ്ട്. കല്പിച്ചുകൂട്ടി ചെയ്യുന്ന ക്രൂരതകളെ എതിർപ്പാൻവേണ്ടി നീതിബോധത്തിന്റെ ഉജ്ജ്വലമായ ആവേശം; നാശത്തിന്നെതിരായി നിർമ്മാണപരിശ്രമങ്ങൾ, നിയമരാഹിത്യത്തെ ചെറുക്കുന്നതിന്നു നവീനമായ ഒരു സാമൂഹ്യരീതി ഏർപ്പെടുത്തുവാനുള്ള ബോധം,—ഇങ്ങിനെ ദോഷങ്ങളോടൊപ്പംതന്നെ അവയെ പരിഹരിക്കുവാനുള്ള നിർമ്മാണപരമായ പരിപാടികളും സമുത്ഭവിക്കുന്നു. യുദ്ധത്താൽ പൌരന്മാരുടെമേൽ പൈശാചികമായ ബോംബുവർഷം മാത്രമല്ല ഉണ്ടാവുന്നുള്ളു; അത്ലാന്തിക് അവകാശപ്രഖ്യാപനവും യുദ്ധത്തിന്റെ സന്താനമാണ്. പഴമയുടെ വെണ്ണീറിൽനിന്നു ഉൽബുദ്ധമായ ഒരു ജനകീയതത്വം തഴച്ചുവളർന്നുവരുന്നു. ഇക്കുറി നാം ചെയ്ത ത്യാഗങ്ങൾ നിഷ്ഫലമാവാൻ ഇടയില്ല. വിപരീതങ്ങളായ പരിതസ്ഥിതികളിൽ വിപത്തുകളെയൊക്കെ വിഗണിച്ച് വിജയം വരിപ്പാൻവേണ്ടി ധീരംധീരം പോരാടിയ ആ പോരാളികൾ, അവരെത്തൊന്നിനെ നിലനിർത്താൻവേണ്ടി പൊരുതിയോ, അതിലും മേത്തരമായ ഒരു ലോകത്തെ കൈക്കലാക്കി കഴിഞ്ഞു.

പുനഃനിർമ്മാണം—അതായതു, ഒരു നവീന ജീവിതത്തിന്റെ ആവിഷ്കരണത്തിന്നുള്ള സംരംഭം—ലോകത്തെ മുഴുവനുംതന്നെ ബാധിച്ചിട്ടുള്ള ഒരു പ്രശ്നമാണ്. ഇന്ത്യൻ ജനതയേയും അതു ആഹ്ലാദത്തിൽ ആറാടിച്ചിട്ടുണ്ട്. തെന്നിന്ത്യക്കാർ, അവരുടെ രാജ്യത്തെ രക്ഷിപ്പാൻ പോരാടിയവരെ, ആ വീരന്മാരുടെ പരിതസ്ഥിതികളും ജീവിതരീതിയും നന്നാക്കണമെന്ന ഉദ്ദേശ്യത്തോടെ സ്വാഗതംചെയ്യുമ്പോൾ, സ്വാതന്ത്ര്യവും നവീനവുമായ ഒരു ലോകത്തോടൊപ്പം തങ്ങളും അണിനിരക്കുകയാണ് ചെയ്യുന്നതു്.

### നാം അവരെ നിരാശപ്പെടുത്തിക്കൂടാ.

തെക്കേ ഇന്ത്യയിൽ അധികവും ഗ്രാമങ്ങളാണ്, തന്മൂലം, ഭാവിയിൽ മെച്ചപ്പെട്ട മികച്ച ഒരു സാമൂഹ്യജീവിതത്തെ സൃഷ്ടിക്കുവാനുള്ള സംരംഭങ്ങൾ മുഴുവനും ഗ്രാമങ്ങളിലേയ്ക്ക് പതിഞ്ഞിരിയ്ക്കണം. മദിരാശി സംസ്ഥാനത്തിലേയ്ക്കു് തിരിച്ചുവരാനുള്ള പട്ടാളക്കാരുടെ സംഖ്യ രണ്ടരലക്ഷത്തിലധികം ഉണ്ട് ഉൾനാടൻ പ്രദേശങ്ങളിൽനിന്നു പട്ടാളത്തിൽച്ചേരുമ്പോൾ ഇവർ നിരക്ഷരരും പച്ചപ്പാവങ്ങളുമായിരുന്നു. അവരുടെ ജില്ലയിൽക്കവിഞ്ഞ് പുറലോകത്തെ സംബന്ധിച്ച യാതൊന്നുംതന്നെ അവർക്കു അറിഞ്ഞുകൂടായിരുന്നു. ഇന്നാവട്ടെ, ഈ പടയാളികൾ ആ പഴയ അനുഭവംനേടാത്ത ഗ്രാമീണരല്ല. അവർ ലോകം കണ്ടിരിക്കുന്നു. പലതും പട്ടാളത്തിൽനിന്നു അവർ പഠിച്ചിരിക്കുന്നു. അവരിപ്പോൾ, അക്ഷരാഭ്യാസമുള്ളവരാണ്. നല്ല ശേഷിയും ശേമുഷിയും അവർക്കുണ്ട്; വിവിധങ്ങളായ തൊഴിലുകളിലും ജീവിതവൃത്തികളിലും പരിചയവും പരിജ്ഞാനവും അവർക്കിന്നു കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പട്ടാളത്തിൽനിന്നു


ഒരു ആത്മവിശ്വാസവും സാമൂഹ്യമായ നിലയും അവർ സമ്പാദിച്ചിട്ടുണ്ട്. വർഗ്ഗീയവാദം അവരിൽനിന്നകന്നു പോയിരിക്കുന്നു. തൽസ്ഥാനത്തു ജാതിഭേദത്തിന്നും നിറവ്യത്യാസത്തിന്നും അപ്പുറത്തുള്ളതും ഒരു ജനകീയ സമുദായത്തിന്നു വേണ്ടതുമായ സഹോദരമനോഭാവമാണ് അവർക്കു കൈവന്നിരിക്കുന്നതു്. യുദ്ധം അവസാനിച്ചു; അതുകൊണ്ടുമാത്രം ഈ പുരോഗമനം അപ്പടി നശിക്കണമെന്നു വരുന്നതു് വളരെയധികം ദയനീയമായിരിക്കും. ഇതെല്ലാം ആലോചിച്ചിട്ടാണ് മദ്രാസ് സംസ്ഥാനത്തിലും യുദ്ധത്തിന്നു ശേഷമുള്ള പുനഃനിർമ്മാണത്തെ നടപ്പിൽ വരുത്തുന്നതിന്നും ത്വരിതപ്പെടുത്തുന്നതിന്നുമായി ഒരു കമ്മിററി രൂപീകരിച്ചിട്ടുള്ളതു്. "നമ്മുടെ പോരാളികൾ" അവർ പറയുന്നു: "അവരുടെ വീടുകളിലുള്ളതിനേക്കാൾ മേത്തരമായ ഒരു ജീവിതരീതിയിൽ എത്തിക്കഴിഞ്ഞതിനാൽ, മദിരാശി സംസ്ഥാനത്തിലെ ഗാർഹിക ജീവിതത്തോതു്, ഉയർത്തേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ ഗ്രാമീണ ജീവിതത്തിൽ പുതിയ നല്ല സ്ഥിതികൾ ഏർപ്പെടുത്തണം. പട്ടാളത്തിൽനിന്നു പിരിഞ്ഞുവരുന്ന മദിരാശിക്കാരന്റെ യുദ്ധാനന്തരമുള്ള ജീവിതം, ആയാൾ ചെയ്ത സേവനത്തിന്നു അർഹമായ പ്രതിഫലവും, അതുപോലെതന്നെ മററുള്ളവർക്കു ഒരു മാതൃകയും ആയിരിക്കണം.

ഇക്കാരണങ്ങളാൽ യുദ്ധാനന്തര പുനഃനിർമ്മാണത്തിലെ ഏററവും മുഖ്യമായ വശം പിരിച്ചയക്കപ്പെട്ട ഭടന്മാരെ സംബന്ധിച്ചതായിരിക്കണം. മദ്രാസ് ഗവർമ്മേണ്ട് രൂപീകരിച്ച യുദ്ധാനന്തര പുനഃനിർമ്മാണ സമിതി (പോസ്റ്റ്‌വാർ റിക്കൺസ്ട്രക്ഷൻ കമ്മിററി)യിൽ ഗവർണ്ണർ ചെയ്ത ഉൽഘാടന പ്രസംഗത്തിൽ ഈ സംഗതി വിശദമാക്കിയിട്ടുണ്ട്. തിരിച്ചെത്തുന്ന ഭടന്മാർക്ക് പാർപ്പുറപ്പിക്കുവാൻ 'കോളനി' കൾ ഏർപ്പെടുത്തുവാനും മററുമായി ആകെ 60 ലക്ഷം ഉറുപ്പിക ചെലവു വരുന്ന പത്തൊമ്പതു് പദ്ധതികൾ ഇപ്പോൾത്തന്നെ ഈ കമ്മിററി അംഗീകരിച്ചു കഴിഞ്ഞു. മാത്രമല്ല, പല പദ്ധതികൾക്കും വേണ്ട പ്രാരംഭകൃത്യങ്ങൾ ചെയ്യാനും ആരംഭിച്ചു.

### ഗ്രാമത്തിലെ പുതിയ ജീവിതം.

'കോളനി'കളോരോന്നും തമ്മിൽകൂടിക്കഴിയുന്നുള്ള കേന്ദ്രങ്ങളും, ക്ലബ്ബുകളും, എംപ്ലോയ്മെൻറു ബ്യൂറോവും ആയിരിക്കണം. കുടിൽ വ്യവസായം തുടങ്ങിയ വ്യാപാരവ്യവസ്ഥകൾ ഏർപ്പെടുത്തണം. വീട്ടിൽ മടങ്ങിയെത്തിയ ഇവരെ സ്ഥാപിത താല്പര്യക്കാരുടെ ചൂഷണത്തിൽനിന്നും രക്ഷിക്കുവാൻവേണ്ടി, ഈ ഏർപ്പാടുകളെല്ലാം സഹകരണ (കോപ്പറേററീവ്) സമ്പ്രദായത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കണം. സഹകരണ സമ്പ്രദായത്തിലുള്ള കാലിവളർത്തൽ, കോഴിവളർത്തൽ, തോട്ടങ്ങൾ വെച്ചുപിടിപ്പിയ്ക്കൽ മുതലായി പലതും ചെയ്യാവുന്നതാണ്. ഈ 'കോളണി'കളിലെ ഉല്പാദനങ്ങൾ വിററഴിക്കുന്നതിന്നും സഹകരണ സംഘം ഉണ്ടായിരിക്കേണ്ടതാണ്. വിദ്യാഭ്യാസവും ആരോഗ്യവും സുരക്ഷിതമാക്കുന്നതിന്നു സ്കൂളുകളും, വൈദ്യശാലകളും, ഉല്ലാസ സംഘങ്ങളും, ഒഴിവു ദിവസ ക്യാമ്പുകളും ഏർപ്പെടുത്തി അവർ ഇതേവരേയും പഴകി പരിചയിച്ചു വന്ന ആ അന്തരീക്ഷം തന്നെ ഈ കോളണികളിൽ സൃഷ്ടിക്കാവുന്നതാണ്.


എല്ലാവർക്കും പ്രവൃത്തി വേണമെന്നുള്ളതാണു മദിരാശി ഗവർമ്മേണ്ടിന്റെ ലക്ഷ്യം. ഈ സജീവമായ സംഗതിയിൽ ശ്രദ്ധചെലുത്തുന്നതിന്നു ഗവർമ്മേണ്ടു തെല്ലും അമാന്തം കാണിച്ചിട്ടില്ല. എന്നുതന്നെയല്ല, ഇന്ത്യയേയും ലോകത്തേയും ആപത്തിൽനിന്നും ആക്രമത്തിൽനിന്നുവിമോചിപ്പിക്കാനായി പോരാടിയവർക്കു ഗവർമ്മേണ്ടു ഒരു ശോഭനവും സുഖസമ്പൂർണ്ണവും ആയ ഭാവി നിർമ്മിയ്ക്കുന്നതിന്നു തീർച്ചപ്പെടുത്തിക്കഴിഞ്ഞിട്ടും ഉണ്ട്.




റംഗൂണിന്നടുത്തുവെച്ച് മുക്കിയ ജാപ്പ കപ്പൽ

# ഹരിക്കേയിൻസിനെ അഭിവാദ്യം ചെയ്യുക!


## (ഒരു ഐ. എ. എഫ്. ആഫീസർ)



ഹരിക്കെയിൻ താഴെ ഇറങ്ങുന്നു.



ഹരിക്കെയിനിൻെറ കേട്തീർക്കുകയാണ്.




റോന്തു ചുററുന്നു.

ഹരിക്കേയിൻസ് (ബോംബെറിയുവാനുപയാഗിക്കുന്ന ഒരുതരം വിമാനങ്ങൾ) നിർമ്മാണം നിർത്തിവെച്ചതായി ഈയിടെ പത്രങ്ങളിൽ ഒരു റിപ്പോർട്ടുണ്ടായിരുന്നു. അതിന്നുള്ള കാരണം യുദ്ധാവശ്യത്തിലേക്കു വേണ്ട ഹരിക്കേയിൻസ് എല്ലാം നിർമ്മിച്ചു കഴിഞ്ഞുവെന്നതാണ്. യുദ്ധത്തിൽ അത്രയധികം പഴക്കവും തഴക്കവും കൈവന്ന ഈ വാഹനത്തിൽ കയറി പരിചയിച്ച വൈമാനികന്മാർക്കു ഈ വാർത്ത വൈമനസ്യത്തിന്നു വഴിവെച്ചേക്കാം. പക്ഷേ, ശത്രുവിന്നെതിരായി—അത് ജർമ്മനിയായാലും വേണ്ടില്ല, ജപ്പാനായാലും വേണ്ടില്ല—ഉപയോഗിപ്പാൻ വേണ്ടത്ര ഹരിക്കെയിൻസ് ആയിരക്കണക്കിൽ എപ്പോഴും ഉണ്ടായിരിക്കുമെന്നതു് ഈ വൈമാനികന്മാർക്കു സമാശ്വാസം നൽകുന്ന ഒരു വാർത്തയാണ്. ഹരിക്കേയിനുകൾ യുദ്ധത്തിൽ നിന്നു തീരെ പിൻവലിച്ചാൽ മാത്രമേ നമുക്കു വേവലാതിപ്പെടേണ്ടതുള്ളൂ. ശത്രുവിൻെറ നിരുപാധികമായ കീഴടങ്ങൽ ആസന്നമായിവരുന്ന ഈ അവസരത്തിൽ, അതും സാദ്ധ്യമാണ്. എന്നാലും, ആവശ്യം വരുമ്പോൾ അവയുടെ കർത്തവ്യം അനുഷ്ഠിക്കാൻ സന്നദ്ധമായിക്കൊണ്ടു് ഹരിക്കേയിൻസ് അപ്പോഴും ഉണ്ടാവും.

ഹരിക്കെയിനിൽ ഇന്നു നാലു വലുതോക്കുകളുണ്ടു്. ആയിരം റാത്തൽ ബോമ്പു അതിൽ അടങ്ങുന്നതാണ്. ഹരിക്കെയിൻ ലോകത്തിലെ യുദ്ധരംഗങ്ങളിലുള്ള ഓരോ മുനയും സന്ദർശിച്ചിട്ടുണ്ടു്. കച്ചവടക്കപ്പലുകളെ ശത്രുവാക്രമണത്തിൽ നിന്നു രക്ഷപ്പെടുത്തുന്നതിന്നും ഇവ ഉപയോഗപ്പെടുന്നുണ്ടു്.

സഖ്യശക്തികൾക്കു് ആകാശത്തിൽ ആധിപത്യം കൈവന്നതോടുകൂടി ഹരിക്കെയിൻസ് ആക്രമണങ്ങൾക്കും ഉപയോഗിപ്പാൻ തുടങ്ങിയിട്ടുണ്ടു്. സഖ്യശക്തികളുടെ ആകാശപ്പടയിൽ ഒരു മികച്ചഭാഗം ഹരിക്കെയിൻസും, ഗ്രൗണ്ടു് അററാക്ക് സ്ക്വാഡ്രൻസുമാണ്. ഇവയെ "സേനയുടെ ട്രക്കുകൾ" എന്നാണു് പറഞ്ഞുവരുന്നതു്.



വലുതോക്കുകൾ തുടച്ചു വൃത്തിയാക്കുന്നു.

ബർമ്മയുദ്ധരംഗത്തിലാണ് ഹരിക്കെയിൻ കൊണ്ടുള്ള വലിയ ഉപയോഗം. അവിടുത്തെ വിമാന സങ്കേതങ്ങളെല്ലാം പരുപരുത്തതു നിരപ്പില്ലാത്തതുമായ നെൽചയലുകളിലാണ്. ബോംബുകൾകൊണ്ടും വലിയ തോക്കുകൾകൊണ്ടും, ജാപ്പ സങ്കേതങ്ങളെ തകർത്തിയും, വള്ളങ്ങളെ മുക്കിയും, വാഹനങ്ങളെ റോഡിൽനിന്നു തെറിപ്പിച്ചു തവിടുപൊടിയാക്കിയും ജാപ്പുകളെ ഛിന്നഭിന്നമാക്കുന്നതിന്നു ആകാശത്തിലെ ഈ വീരയോദ്ധാക്കൾ, നമ്മുടെ സേനയെ സഹായിക്കുന്നുണ്ട്.

ആസ്സാം, അറാക്കാൻ എന്നീയിടങ്ങൾക്ക് മുകളിൽ ശത്രുക്കളെ തമർത്താനുള്ള ഉന്നങ്ങളെ നിരീക്ഷിച്ചുകൊണ്ട്. ആർ. എ. എഫിലും, ഐ. എ. എഫിലും ഉൾപ്പെട്ട വിമാനങ്ങൾ ദിനംതോറും ചുററിനടക്കുന്നു. വളരെ ദുർല്ലഭമായേ ജാപ്പ വിമാനങ്ങൾ അവയോടു നേരിടാറുള്ളു. നമുക്കു അത്രയധികം ആധിപത്യമുണ്ടു ആകാശത്തിൽ ഇനി, ജാപ്പ വിമാനങ്ങൾ ഒന്നു പൊരുതണമെന്നു കരുതി അതിന്നു ഭാവിച്ചാൽ, താഴത്തുള്ള ഉന്നങ്ങളിൽനിന്നുതിരിച്ചു ഹരിക്കെയനിലുള്ള നാലു വലു തോക്കുകൾ ശത്രുവിമാനത്തോടെതിരിക്കുന്നു. വളരെയധികം പ്രഹരങ്ങളെ താങ്ങുവാനുള്ള ശക്തി ഈ വിമാനത്തിന്നുണ്ട്. ഏതെങ്കിലും ഒരവയവം പററിയെന്നുവെച്ചാൽത്തന്നെ പലപ്പോഴും അതു നൊണ്ടിയ മുടന്തു സങ്കേതത്തിൽ വന്നുചേരും. കേടുതീർത്തു കഴിഞ്ഞാൽ വീണ്ടും യുദ്ധത്തിന്നു തയ്യാറായി.

ഇംഫാൽ മൈതാനത്തിന്നടുത്തുവെച്ചു ജപ്പാൻകാരെ തോല്പിച്ചോടിക്കാൻ സാധിച്ചതു് പ്രധാനമായും ആർ. എ. എഫിലും, ഐ. എ. എഫിലും ഉള്ള ഹരിക്കെയിൻ വിഭാഗത്തിന്റെ തീവ്രപരിശ്രമത്താലാണ്. ഈ സവിശേഷമായ പ്രവൃത്തിയെ പല സേനാനായകന്മാരും പ്രശംസിക്കുകയുണ്ടായി.

വിമാനചരിത്രത്തിൽ ഒരു നല്ല സ്ഥാനം ലബ്ധമാകുവാനുള്ള പ്രസിദ്ധസേവനങ്ങൾ ഇതിനിടെത്തന്നെ ഹരിക്കെയിൻസ് ചെയ്തു കഴിഞ്ഞു. യുദ്ധം ഇനിയും നടക്കുന്നു. കൂടുതലായി അതിന്റെ പ്രശസ്തി ഉയർത്തുന്ന പരാക്രമങ്ങൾ പലതും ഈ വിമാനങ്ങളിൽനിന്നു നമുക്കു പ്രതീക്ഷിക്കാവുന്നതാണ്.

## 14-ാം പടയ്ക്കു് മദ്രാസ് നൽകിയ സ്വാഗതം

### മിലിട്ടറി ഹെഡ്കാർട്ടേർസിൽനിന്നുളള സന്ദേശങ്ങൾ


കല്പനയെടുത്തു വീട്ടിലേക്കുവന്ന പ്രഖ്യാതമായ പതിനാലാം പടയിലെ ആളുകൾക്കു മദ്രാസ് സംസ്ഥാനത്തിലെങ്ങും നല്കിയ വിശേഷപ്പെട്ട സല്ക്കാരത്തെ അഭിനന്ദിച്ചുകൊണ്ടു സർവ്വസൈന്യാധിപനും സതേൺ ആർമ്മിയിലെ ജി. ഒ. സി. യും, എച്ച്. ഇ. ഗവർണ്ണരവർകൾക്കു സന്ദേശങ്ങളയച്ചിരിക്കുന്നു. എച്ച്. ഇ. ഗവർണ്ണർ, യുദ്ധപ്രചരണ ഡയറക്ടരോടു (ഡയരക്ടർ ഓഫ് വാർ പബ്ലിസിററി) പട്ടാളക്കാർക്കു ഹൃദയംഗമമായ സ്വീകാരമരുളുന്നതിന്നു സഹായിച്ച എല്ലാവരോടും അദ്ദേഹത്തിന്നുള്ള സ്നേഹപൂർണ്ണമായ അഭിനന്ദനത്തേയും കൃതാർത്ഥതയേയും ഈ സന്ദേശങ്ങളോടൊപ്പം തന്നെ അറിയിക്കുന്നതിന്നായി നിർദ്ദേശിച്ചിരിക്കുന്നു.

ഇന്ത്യയിലെ സർവ്വസൈന്യാധിപൻ എല്ലാ സൈന്യാധിപന്മാർക്കും അയച്ച സന്ദേശം :—

"14-ാം പടയുടേയും 11-ാം പടയുടെയും സൈന്യാധിപന്മാർ, 14-ാം പടയിൽനിന്നു മടങ്ങിവന്ന പട്ടാളക്കാരെ സ്വീകരിപ്പാൻ ചെയ്ത സവിശേഷമായ ഏർപ്പാടുകളെപ്പററി അവർക്കുള്ള നന്ദിയും മതിപ്പും എന്നെ അറിയിച്ചിരിക്കുന്നു. നിങ്ങൾ എന്റെ പേരിൽ, ഉദാരതയോടെ ഈ പടയാളികൾക്കു നല്കിയ സ്വാഗതത്തെ വിജയപ്രദമാക്കിയ എല്ലാ പട്ടാള ഉദ്യോഗസ്ഥന്മാരോടും സിവിൽ ഉദ്യോഗസ്ഥന്മാരോടും പൌരപ്രധാനികളോടും, എനിക്കുള്ള അപാരമായ അഭിനന്ദനങ്ങളെ അറിയിക്കുമല്ലൊ. എന്റെ അപേക്ഷക്കു എല്ലാവരും നല്കിയ ആനുകൂല്യം എനിക്കു വളരെ സന്തോഷജനകമായിരിക്കുന്നു."

സതേൺ ആർമ്മിയുടെ ജനറൽ ഓഫീസർ കമാണ്ടർ-ഇൻ-ചീഫ്, മദിരാശി ഗവർണ്ണരവർകൾക്കു്;

"അവിടുന്നും മററും 14-ാം പടയിൽനിന്നു തിരിച്ചു നാട്ടിലെത്തിയ പട്ടാളക്കാർക്കു ചെയ്ത സല്ക്കാരങ്ങൾക്കു ഞാനെന്റെ സ്വന്തമായ കൃതജ്ഞതയെക്കൂടെ അറിയിക്കട്ടെ. അവർക്കു നല്കിയ സ്വീകാരനിമിത്തം ഓഫീസർമാരും ഭടന്മാരും വളരെയധികം കൃതജ്ഞരും സന്തോഷഭരിതരും ആയിരിക്കുന്നുവെന്നതിന്നു എനിക്കു മതിയായ തെളിവുകൾ ഉണ്ടു്."



വേടിച്ചുപാഞ്ഞിതൊടുവിൽ, സകലം ത്യജിച്ചീ-
നാടാക്രമിച്ചവർ,—"പരാക്രമി" നാസിസൈന്യം!



വീമ്പു ചൊല്ലിയ ഫാസിസ്റ്റു-
ഭടന്മാരിവരൊക്കെയും,

കിഴടങ്ങുന്ന ഭീരുക്കൾ;
സഖ്യസേനയടുക്കവേ!

ചെറുകഥ

# പുനർജ്ജന്മം

"സാർ ഇരിക്കുന്നില്ലേ. ഇവിടെ സ്ഥലമുണ്ട്."

എൻെറ പിന്നിൽ നിന്നാരോ ഇങ്ങിനെ വിളിച്ചുപറഞ്ഞു. ആരാണീദയാലു? വണ്ടിയിലിരിക്കാനെന്നല്ല, നില്ക്കാൻപോലും സ്ഥലമില്ല. ഫുഡ്ബോഡിലും മുകൾപ്പടിയിലും എല്ലായിടത്തും ആളുകൾ ഇരുന്നും നിന്നും തൂങ്ങിയും കഴിയുന്നു. ചിലർ ഇരിയ്ക്കുകയും നില്ക്കുകയുമല്ല. മററുള്ളവരുടെ തിരക്കിൽ മദ്ധ്യവർത്തികളായി തൂങ്ങിനില്ക്കുകയാണ്. ആളുകളെക്കൊണ്ടു നിറഞ്ഞ ആ വണ്ടിപ്പെട്ടി, ഒരു ഉരുളക്കിഴങ്ങു നിറച്ച ചാക്കുമാതിരിയായിരുന്നു. നിന്നു കാലുകടഞ്ഞിരുന്ന എനിക്കു ഒന്നിരിക്കാൻ സാധിക്കുക! ഹാ! എന്തു മഹാഭാഗ്യമാണത്.

"താനെന്തിനാണ് മററാരാളെക്ഷണിക്കുന്നത്?" അവിടെ ഇരുന്നെടം വെറുതെ" ആരുടേയോ ഒരു ശബ്ദം. എനിയ്ക്കു വാസ്തവത്തിൽ ആയാളുടെ തലയ്ക്കു് ഒരിടിയിടിക്കുവാൻ തോന്നി. നോക്കൂ, സ്വാർത്ഥബുദ്ധി! അയാൾക്കെന്താണ് എനിക്കല്പം സ്ഥലം അനുവദിച്ചുതന്നാൽ നഷ്ടപ്പെടാനുള്ളത്? കാടക്കവെച്ചു ചാരിക്കിടക്കാൻ സാധിക്കയില്ല. എന്നാൽ അനവധി ആളുകൾ സ്ഥലമില്ലാതെ വിഷമിക്കുമ്പോൾ, ആയാൾക്കുമാത്രം സർവ്വ സൌകര്യവും വേണം പോലും!

"എല്ലാവൎക്കും യാത്രചെയ്യേണ്ടേ സ്വാമികളേ!" മററാരാൾ ചോദിച്ചു.

"വേണം; വേണ്ടെന്നാരു പറഞ്ഞു? താൻ തൻെറ കാൎയ്യം നോക്കിക്കോളൂ." വീണ്ടും ആ പഴയ ചിലമ്പിച്ച ഒച്ച പുറപ്പെട്ടു.

"സ്വാമിക്കിപ്പോഴും മഠത്തിലെ ആട്ടുകട്ടിലിൽ ഇരിക്കയാണെന്നാണ് വിചാരം. ചെല്ലം വെക്കാൻ കുറച്ചു സ്ഥലം, കിടക്ക വിരിച്ചിടാൻ, കുറച്ചു സ്ഥലം, വിശറിയ്ക്കും ചാരിയിരിക്കാൻ കുറേ സ്ഥലം. എല്ലാംകൂടി നാലാൾക്കിരിക്കുന്നതിനുള്ള ഇടം മൂപ്പർ കൈവശപ്പെടുത്തിയിരിക്കുന്നു" വണ്ടിയുടെ മേൽപടിമേൽ കയറിയിരിക്കുന്ന ഒരാൾ പറഞ്ഞു. ആയാൾ കുനിഞ്ഞിരിക്കുന്നതു കണ്ടാൽ പാവംതോന്നും. പണ്ടത്തെ നാട്ടെഴുത്തച്ഛന്മാർ കുട്ടികളെ ബഞ്ചിൻ ചോട്ടിലിരുത്തി ശിക്ഷിക്കാറുള്ള ആ മുറ എനിക്കോൎമ്മവന്നു. ആയാൾ തുടർന്നു: "നോക്കു സ്വാമികളെ ആളുകൾ തിരക്കുന്നതു്. കണ്ടവരുടെ പെട്ടിയും കിടക്കയും വണ്ടിയിൽ ചുമന്നുകൊണ്ടിരിക്കണം. വണ്ടിയിലും ഇതു അസഹ്യമാണ്."

"നന്നായി കമ്പനിക്കാരോടു പറ വണ്ടി വലുതാക്കാൻ" ഇതായിരുന്നു മറുപടി.

ഇപ്രാവശ്യം ഞാൻ ആ മനുഷ്യനെ ഒന്നു സൂക്ഷിച്ചുനോക്കി. ഒരു നിഴൽ. ദേഹം അത്ര കറുത്തിട്ടാണ്. വളരെ സൂക്ഷിച്ചാൽ മാത്രമെ മനുഷ്യരൂപമാണെന്നു മനസ്സിലാവുകയുള്ളു. പതിഞ്ഞ പററാണിപോലെയുള്ള മൂക്കു, തുറിച്ചു മുന്നോട്ടുന്തിയകണ്ണുകൾ. കൺപോളകളുള്ളിൽനിന്നും തുറിച്ചു കൺമിഴികൾക്കു് ചെറിയ എലക്ട്രിക്ക്ബൾബുകളുടെ ഛായയുണ്ട്. 50നു മേൽ പ്രായം കാണും. താടിവടിക്കാതെ എതാണ്ടു ഒരുമാസം പ്രായം ചെന്ന നരച്ചതും അതിനിടയിൽ അല്പം നരക്കാത്തതുമായ രോമം തിങ്ങിയ മുഖം ഒരൊററ നോട്ടത്തിൽ ഒരു കറുപ്പു കിണ്ണത്തിൽവെച്ച പഞ്ചസാരയിൽ സ്വല്പം ചായപ്പൊടി വിതറിയതാണെന്നേ തോന്നൂ. കൂടാതെ മുറുക്കിംതുപ്പിയൊലിച്ച ഒരു ചുവന്ന രേഖ അദ്ദേഹത്തിൻെറ താടിയെ രണ്ടാക്കി ഭാഗിക്കുന്നുണ്ട്. തലമുടി മൊട്ടയാണ്. പക്ഷെ, എലിവാൽപോലെയൊരു ഉച്ചിക്കുട്ടമയുണ്ട്. അതു കണ്ടാൽ അഞ്ചുകൊല്ലം പിഞ്ഞ ചകരികൊണ്ടു് പിരിച്ച ഒരു ചാൺ ചൂടിക്കയറാണെന്നു തെററിദ്ധരിക്കും.

എനിക്കു ചിരിവന്നു, ഈ കൃശഗാത്രനിൽനിന്നാണൊ ഇത്രവലിയ അധികാരസ്വരം പുറപ്പെടുന്നത്? മണ്ണട്ട ചെറിയ ജീവിയാണ്; പക്ഷെ അതിൻെറ സ്വരം എത്ര കൎക്കശമാണെന്നോ!

"സാറിരിക്കണം, സ്വാമി അല്പമങ്ങു നീങ്ങിയിരിക്കു" കുറച്ചധികാരത്തോടെ ഒരു പട്ടാളക്കാരൻ പറഞ്ഞു. മുമ്പു അപേക്ഷാസ്വരത്തിൽ പ്പറഞ്ഞതും ഈയാൾതന്നെയായിരുന്നു എന്നു എനിക്കു പിന്നേയാണ് മനസ്സിലായതു.

"ഞാനാരാണെന്നു മനസ്സിലായൊ?" കൃഷ്ണയ്യർ ചൊടിച്ചു ചോദിച്ചു.

"ഉവ്വ്. ഒരു മനുഷ്യൻ, സ്വാമിയെ സ്തുതിച്ചുപറഞ്ഞാൽ" സിഗററ് വലിച്ച പുക വിടുന്നതോടുകൂടെത്തന്നെ മററാരാൾ പറഞ്ഞു.

"നിങ്ങൾ പട്ടാളക്കാരനാണെങ്കിൽ എനിക്കു പേടിയില്ല. എന്നെ വെറുതെ ഉപദ്രവിക്കേണ്ട. ബ്രാഹ്മണശാപം പിടക്കില്ല. ബ്രാഹ്മണശാപത്തിൻെറ ഫലം നിശ്ചയമുണ്ടോ?" കൃഷ്ണയ്യർ ജയിച്ചഭാവത്തിൽ വണ്ടിയിലുള്ള മറെറല്ലാവരോടുമായി ഒരു വലിയ ചോദ്യം ചോദിച്ചു. ശിഷ്യന്മാരോടു മനക്കണക്കു ചോദിക്കുമ്പോൾ വാദ്ധ്യാൎക്കുള്ള ഒരു മനോഭാവമായിരുന്നു ആയാൾക്കപ്പോൾ.

"വണ്ടിയിൽ സ്ഥലംകിട്ടും" വണ്ടിയുടെ ഫുഡ്ബോഡിൽ തൂങ്ങിനില്ക്കുന്ന ഒരാൾ പറഞ്ഞു.

"ശിവ ശിവ, കാലംകലി! ബ്രാഹ്മണൻ പശുക്കളൊന്നും വിലവെക്കാതായി ആരും." കൃഷ്ണയ്യർ രണ്ടു കയ്യുൾകൊണ്ടും ശിരസ്സിൽ താളം പിടിച്ചു. മുറുക്കിയിരുന്ന അദ്ദേഹത്തിൻെറ വായിലെ തുപ്പൽ മറെറാരാളുടെ മുണ്ടിൽ തെറിച്ചു. അയാൾ ദേഷ്യത്തിൽപ്പറഞ്ഞു: "ബ്രാഹ്മണനും പശുവും ഒരുപോലെയാണ്."

"അതേന്നു് ഞാനതാണ് പറഞ്ഞതു്" കൃഷ്ണയ്യർ കൂടുതൽ ഉദ്വോഗത്തോടെ വാദിച്ചു. പാവത്തിന്നു മറേറയാളും തട്ടിവിട്ട പരിഹാസം ഗ്രഹിക്കാൻകഴിഞ്ഞില്ല. "ഇപ്പോഴത്തെ കുണ്ടപ്പന്മാൎക്കുണ്ടൊ അതറിയുന്നു? മീശവെക്കണം, ബീഡിവലിക്കണം, ഭക്തിയില്ല, ബഹുമാനമില്ല. ഗോഹത്യക്കു ദേവീപുരാണത്തിൽ വിധിച്ച ശിക്ഷ കുംഭീപാക നരകമാണ്." ആയാൾ ചിരിച്ചു. അപ്പോൾ ആയാളുടെ മുഖം ചോക്ക് കൊണ്ടു പൂജ്യം മാൎക്ക്ചെയ്ത ഒരു കരിപ്പലകപോലെ തോന്നി. "കുംഭീപാകം നരകത്തിലെ സിക്കുാസ്സ്തടവാണ്" ഞാൻ പൊട്ടിച്ചിരിച്ചു.

"സ്വാമി, സ്വാമി" തിക്കിത്തിരക്കികൊണ്ടു് ഇടയിൽക്കടന്ന കറുത്ത കുള്ളനായ ആ പട്ടാളക്കാരൻ പറഞ്ഞു, "പട്ടാളക്കാരുടെ പുരാണത്തിൽ പശുക്കളെകൊന്നാലുള്ള ശിക്ഷ എന്താണെന്നറിയുമോ, അന്നു വയറുനിറച്ചു ബിരിയാണി."



കൈവന്നപോയ് വിജയമെന്നിവർ തൻമുഖത്തെ-
ഭാവം വിളിച്ചുപറയുന്നിതു, നാലുവൎഷം,
ആ വമ്പെഴുന്നൊരു 'ഡിഗാളൊ'ട്ടുചേർന്നു, മാതൃ—
ഭൂവിൻ വിമോചനവുമാന്നിവരെത്തി നാട്ടിൽ.

"ശിവ, ശിവ!" കൃഷ്ണയ്യർ ചെവിപൊത്തി. "ഇതൊക്കെപ്പറഞ്ഞിട്ടും അയ്യർ ആളെ ഇരിക്കാനനുവദിക്കില്ല; സൂത്രക്കാരൻ!" മുകൾപ്പടി ഇരിക്കുന്ന ആൾ തട്ടിമൂളിച്ചു.

അതെ ഇക്കാര്യം എല്ലാവരും മറന്നിരുന്നു. എല്ലാവരും സ്വാമിയുടെ തമാശയിൽ മുഴുകിക്കഴിഞ്ഞിരുന്നു. "ഞാനും ടിക്കററു വാങ്ങിയിട്ടുണ്ട്. ഗുരുവായൂർക്കാണ് ഞാൻ പോണത്. എന്നെ ഗുരുവായൂരേത്തിക്കേണ്ട ചുമതല ഗുരുവായൂരപ്പന്റെയാണ്. എന്റെയല്ല സ്ഥലം ഭഗവാന്റെയാണ്. "ആനന്ദാസ്സുദമഞ്ജുജനേത്ര" കൃഷ്ണയ്യർ വന്ദനശ്ലോകങ്ങൾ ചൊല്ലാൻ ആരംഭിച്ചു.

"എടോ അവിടെ കടന്നിരുന്നോ! ഗുരുവായൂരപ്പൻ വന്നാൽ നമുക്കുത്തരം പറയാം."

"ടിക്കററുകലക്ടരുടെ വേഷത്തിലാണു വണ്ടിയിൽ ഭഗവാൻ വരുക."

"അപ്പോൾ ഞാൻ വലിച്ചുവെച്ചൊരു പട്ടാളസലാം ചെയ്യും." പലരും ഇങ്ങിനെ പലതും പറഞ്ഞുതുടങ്ങി. "ശനികള് കൊരങ്ങമ്മാര് ഹും ഇവരുടെ തലയിൽ ഇടിത്തീ വീഴും" കൃഷ്ണയ്യർ സമാധാനിച്ചു.

"സ്വാമിയുടെ മുറുക്കിത്തുപ്പൽ വീഴാഞ്ഞാൽ മതി. ഇടിത്തീവീണാലും വേണ്ടില്ല" ഞാൻ പറഞ്ഞു. സ്വാമി വീണ്ടും മുറുക്കാൻ എടുത്തപ്പോൾ ഞാൻ തഞ്ചംനോക്കി അവിടെ ഇരുന്നു. "എണീക്കെടോ, നാണമില്ലാത്ത വിഡ്ഢാൻ." സ്വാമി ഭീക്ഷണിപ്പെടുത്താൻ തുടങ്ങി. ഞാൻ നല്ലവണ്ണം അമർന്നിരുന്നു.

"പൊട്ടച്ചാരുടെ പിട്ടുകളൊന്നും
പററുകയില്ലിക്കുട്ടികളോട്."

കക്കൂസിന്നടുത്തു തലവെച്ചു പാതി ഉറങ്ങിക്കിടന്നിരുന്ന ഒരാൾ പാടി. വണ്ടിയിലെ എല്ലാവരും ഏററുപാടി. ഒരു ബഹളം. സ്വാമിക്കു കലികയറി എല്ലാവരേയും ശപിച്ചു. വണ്ടിയിൽ കയറി യാത്രചെയ്യുന്നവരെ, റെയിൽവെക്കാരെ, ഈ വണ്ടിയിൽ തന്നെ പോവാൻ നിർബന്ധിച്ച തന്റെ പുത്രൻ മണിഅയ്യരെ, ഇറങ്ങിപ്പുറപ്പെട്ടപ്പോൾ ശകുനം കണ്ടപാണ്ടൻനായിനെ, ഇങ്ങിനെ ലോഭമില്ലാതെ ശാപങ്ങൾ പാസാക്കാൻ തുടങ്ങി.

"ബർർർ, ബർർ!" വണ്ടിയിലെല്ലാവരും കൂടി ആർത്തുവിളിച്ചു.

"സോഡാ, കളർ, സിഗററ്, ബീഡി," വണ്ടി ജോലാർപ്പെട്ടയിൽ എത്തിയതു ഈ ശ്ലോകത്തിന്റെ ആദ്യവരി കേട്ടപ്പോഴാണ് ഞങ്ങളറിഞ്ഞതു്.

"ബർർ" വീണ്ടും ആ ആരവം ആരംഭിച്ചു.

കൃഷ്ണയ്യർ സാമാനമെല്ലാം എടുത്തു വെളിയിലിറങ്ങി. "നിങ്ങളെല്ലാവരും നാശമായി പോകട്ടെ" പോണപോക്കിൽ ദുർവ്വാസാവ്മഹർഷി ഒരു ശാപവും എറിഞ്ഞുവിട്ടു.

"ബർർ, ബർർ"

II


ഞങ്ങൾക്കു അല്പംപേക്കും ഇരിക്കാൻ സാധിച്ചു. ഗുരുവായൂരപ്പന്റെ പേർ പറഞ്ഞു, കൃഷ്ണയ്യർ അഞ്ചാൾക്കിരിക്കാനുള്ള സ്ഥലം അധീനപ്പെടുത്തിവെച്ചിരുന്നു. വണ്ടിയിലധികവും പട്ടാളക്കാരാണ്. ലാഹോർ, റാവൽപിണ്ടി, ആസ്സാം, ഹിമ്പൂർ, തുടങ്ങിയ വിദൂരസ്ഥലങ്ങളിൽ വരുന്ന അവർ ഊണുകഴിച്ചിട്ട എത്രയോനാളായിരിക്കുന്നു. ഇരിക്കാൻകൂടി വണ്ടിയിലിടമില്ലെന്നിരിക്കെ എങ്ങിനെ ഉറങ്ങുവാൻ കഴിയും? എന്നാലും അവർ മററുള്ളവർക്ക് അധികം ഉപദ്രവം കൊടുക്കാറില്ല. ഉണ്ട് ചിലകൂട്ടരുണ്ട്, അവർ ആളുകളെ വെറുതെ വിരട്ടിയോടിക്കും. പട്ടാളക്കാരനാണെന്ന കാരണത്താൽ, ആവക്കെന്തും ചെയ്യാമെന്ന ഒരു ഡംഭ് ചിലർക്കുണ്ട്. പക്ഷെ മേലധികാരികൾ ഈ ധിക്കാരത്തിന്നു അവരെ ശിക്ഷിക്കുകയും താക്കീതുകൊടുക്കുകയും ചെയ്യു കാരണത്താൽ പലരും തികച്ചും മര്യാദയിൽതന്നെ എല്ലാവരോടും പെരുമാറും. പക്ഷെ നമ്മുടെ കൃഷ്ണയ്യരോടു മര്യാദകാണിക്കാത്തതു് ആരുടേയും കുററമല്ല. ആയാൾ ഒരു പടുക്രൂരൻ സ്വാർത്ഥിയാണ്.

ഇരിക്കാൻ സ്ഥലം കിട്ടിയപ്പോൾ എനിക്കും അല്പം ആശ്വാസമായി. നാളെകാലത്തു പത്തുമണിവരെ ഈ ഇരുപ്പിൽതന്നെ ഇരിക്കണം. എന്റെ അടുത്തിരുന്ന ആ പട്ടാളക്കാരനും ഞാനുമായി ലോഗ്യംകൂടി. എങ്ങിനെയെങ്കിലും നേരം പോകേണമെല്ലോ. എന്തുകൊണ്ടോ മററുള്ളവരിലെല്ലാം വെച്ച് ആ യാത്രോട എനിക്കൊരു കൂടുതൽ പ്രതിപത്തിതോന്നി മിലിട്ടറി ഉടുപ്പു ആയാൾക്കും തികച്ചും അയാൾക്കു അഴകുണ്ടാക്കിയിരുന്നു. കറുത്തു തടിച്ച ആയാളുടെ മുഖത്തു ശാന്തവും ദൃഢവുമായ ഒരു ചൈതന്യം ഞാൻ ദർശിച്ചു.

"മിസ്റർ" ഞാൻ ഇങ്ങിനെ പറഞ്ഞപ്പോൾ ആയാൾ തിരിഞ്ഞുനോക്കി. "നിങ്ങളെവിടെനിന്നാണ്വരുന്നതു്? സ്വദേശം എവിടെയാണ്?"

ഞാനിപ്പോൾ ആസ്സാമിൽ നിന്നാണു വരുന്നതു്. വളരെകാലമായി ഒഴിവെടുത്തു നാട്ടിൽപോയിട്ട്, ഇപ്പോൾ ഒന്നു പോയാൽകൊള്ളാമെന്ന് വിചാരിച്ചതാണ്. എന്റെ വീട് പൊന്നാനി താലൂക്കിലാണ്. പക്ഷെ, ഞാൻ





"ഇവിടെ ആരും എന്നെ അയിത്തക്കാരൻ എന്നു പറഞ്ഞ് ആട്ടിപ്പായിക്കുന്നില്ല; മൃഗത്തെപ്പോലെ പെരുമാറുന്നില്ല; എല്ലാവരും സമന്മാർ"

ഷൊറണ്ണൂർ ഇറങ്ങും. എന്റെ ജ്യേഷ്ഠനുണ്ട് അവിടെ പോണപോക്കിൽ ആയാളെയും ഒന്നു കാണണം.”

“എത്രകാലമായി പട്ടാളത്തിൽ ചേർന്നിട്ട്? നിങ്ങൾക്ക് ഈ ജോലി എങ്ങിനെ തോന്നുന്നു?” ആയാളുടെ സംസാരത്തിൽ എനിക്ക് കൌതുകം തോന്നി. ഞാൻ വീണ്ടും ചോദിച്ചു.

“1940 ൽ ഞാൻ പട്ടാളത്തിൽ ചേർന്നു.” ആയാൾ തുടർന്നു “എം. ടിയിൽ. അന്നൊക്കെ എന്റെ വീട്ടുകാർക്കതിൽ ഇഷ്ടമുണ്ടായിരുന്നില്ല. അവരോടു ആരൊ എന്തൊക്കെയൊപറഞ്ഞു ധരിപ്പിച്ചിരുന്നു. അവർക്ക് പട്ടാളമെന്നു കേട്ടാൽത്തന്നെ ഭയമായിരുന്നു. ഞാനതൊന്നും കൂട്ടാക്കിയില്ല. നാം അച്ഛനമ്മമാരെ അനുസരിക്കേണ്ടതു അത്യാവശ്യമാണു്. പക്ഷെ, നല്ല കാര്യങ്ങളിൽ മാത്രം. ഇക്കാര്യത്തിൽ അവർ പറയുന്നതു് ശരിയല്ലെന്നു തോന്നി. നിങ്ങൾക്കെന്തു തോന്നുന്നു? അന്ധമായ അനുസരണബോധത്തിന്റെ വലയിൽ ഞാനന്നു കുടുങ്ങിയിരുന്നെങ്കിൽ ഇന്നത്തെ ഈ നിലയിലെത്തിച്ചേരുമോ?” ആയാൾ ചോദിച്ചു.

“ഇല്ല, തീർച്ചയായുമില്ല. ഓരോരുത്തരും അവനവന്റെ മനോഗതം അനുസരിച്ചു പ്രവൃത്തിക്കണം അതാണ് ശരി” ഞാനായാളുടെ വാദത്തിനു അനുവാദം നൽകി.

“എനിക്ക് നിങ്ങളോടു എല്ലാം തുറന്നു പറയണമെന്നുണ്ടു്.” അയാൾ ഒരു സിഗററ്റ് കൊളുത്തി വലിച്ചുകൊണ്ടു തുടർന്നു. എന്റെ ഈ ജീവിതത്തിൽ എനിക്കഭിമാനം തോന്നുന്നു. കാരണം, ഞാൻ വളരെ ചോട്ടിൽനിന്നു പൊന്തിവരുന്ന ആളാണ്. എന്നുവെച്ചാൽ, ഏററവും പതിതരും പാമരരും പാപ്പരുമായി ഒരു സമുദായത്തിൽനിന്നു.

ഞങ്ങൾ അന്നാട്ടിലുള്ള ഒരു ജന്മിയ്ക്കു് കൂലിവേലചെയ്തിട്ടാണു കഴിഞ്ഞിരുന്നതു്. അവർ ആ നാട്ടിലെ വലിയ ജന്മികളാണ്. അന്നാട്ടിലുള്ള വർക്കാർക്കുംതന്നെ അവരുടെ സഹായമില്ലാതെ ജീവിക്കാൻ വയ്യ. വാരിയത്തെ തമ്പുരാൻ ആ നാട്ടിന്റെയും തമ്പുരാനായിരുന്നു. അവരുടെ ആജ്ഞ എല്ലാവരും ആദരിക്കും, അല്ലെങ്കിൽ, സാധുക്കളായ അവർക്ക് കർക്കടമാസത്തിൽ പട്ടിണികിടക്കേണ്ടിവരും.

ഞാൻ പട്ടാളത്തിൽ ചേർന്നപ്പോൾ അവർക്കു വല്ലാത്ത വല്ലായ്മയും വിദ്വേഷവും തോന്നി. എങ്ങിനെയെങ്കിലും അവനെപിടിച്ചു കൊണ്ടുവന്നെ ഞാനടങ്ങിയിരിക്കൂ. എന്ന ശപഥവും ചെയ്തു ഭാഗവതത്തിലെ രുഗ്മിയെപ്പോലെ, ചെറിയ വാരിയർ പുറപ്പെട്ടു. അദ്ദേഹം ആ നാട്ടിലെ ഒരു പ്രമാണിയാണെന്നാണ് വെപ്പ്. നാട്ടുകാർക്കെല്ലാവർക്കും ആയാളോടു വെറുപ്പാണ്, ആയാളുടെ പൂച്ചക്കണ്ണും പച്ചച്ചിരിയും, ആയാളുടെ ഹൃദയത്തിലെ കുശുമ്പിനേയും കാപട്യത്തേയും മറച്ചു വെക്കുന്ന മൂടികളാണെന്നു് ആർക്കും ഒററ നോട്ടത്തിൽ തോന്നും. എന്തായാലെന്താണ്, വാരിയത്തെയല്ലേ, പണക്കാരനല്ലേ? അതുകൊണ്ട് അന്നാട്ടുകാർ അയാളുടെ ധിക്കാരങ്ങളെ സഹിച്ചു. എന്നെ കൊണ്ടുവരാൻ ആയാൾക്ക് സാധിച്ചില്ലെന്നു പറയേണ്ടതില്ലല്ലോ. ആയാൾക്ക് എന്നോടു പ്രത്യേകിച്ചു സ്നേഹമൊന്നുമുണ്ടായിട്ടല്ല, അന്വേഷിച്ചതു്. നിങ്ങളുടെ പശുവിനെ കാണാതെയായാൽ നിങ്ങൾ അന്വേഷിക്കയില്ലേ? ആ പശുവിൽ നിങ്ങൾക്ക് താല്പര്യമുണ്ട്; അതു പാൽ തരുന്നു. അതേമാതിരി ഞാൻ പകലും രാത്രിയും അവർക്കുവേണ്ടി പണിയെടുക്കുന്ന ആളായിരുന്നു അവരുടെ വീട്ടിലെ കുട്ടികൾ സ്കൂളിൽ പോവുമ്പോൾ ഞാൻ അവരുടെ കാലികളെ മേയ്ക്കുകയാണ് ചെയ്തിരുന്നതു്. കുളിച്ചു കുറിയിട്ടു് കുപ്പായവുമിട്ടു് സ്കൂളിലേയ്ക്കു് “തമ്പുരാൻ കുട്ടികൾ” പോകുമ്പോൾ മുടിക്കോലുമേന്തി കാലിച്ചാട്ടും പാടി ഞാൻ കാലികളെ വിട്ടുകൊണ്ടുപോവും. എത്ര പ്രാവശ്യം ഞാൻ കരഞ്ഞിട്ടുണ്ടെന്നോ എനിക്കും സ്കൂളിൽപ്പോണമെന്നു് ശാഠ്യം പിടിച്ചിട്ടു്! “വാരിയത്തെ തമ്പ്രമ്മാരുടെകൂടെ പിടിക്ക്യാ നീയ്യ്. നീയ്യ് ചെറുമച്ചെക്കനാണ്. നിനക്കെന്തിനാ പഠിപ്പു. നിന്റെ സ്ക്കോള് പാടത്താണ്. നിന്റെ



“ എന്റെ പട്ടാളജീവിതം എന്നെ ഒരു പുതിയ മനുഷ്യനാക്കിട്ടുണ്ട് ”

പഠിത്തം കന്നുപൂട്ടലും.” വാരിയത്തെ അമ്മ വാരസ്യാർ എന്റെ അഭിപ്രായം കേട്ടു ഇങ്ങിനെ ശുണ്ഠിപിടിച്ചു.

“സേർ നിങ്ങൾ കേൾക്കണം. അവരെന്നെ എന്തും ചെയ്യാൻ മടിച്ചിരുന്നില്ല. ഇഷ്ടംപോലെ തല്ലുക, ചീത്തപറയുക. അവരുടെ തൊഴുത്തിൽനിന്നിരുന്ന തന്തപ്പോത്തിനു ദണ്ണം പിടിച്ചപ്പോൾ, അവർ വൈദ്യനെകൊണ്ടു വന്നു. ഒരിയ്ക്കൽ അവർക്കു തേങ്ങയിടാൻവേണ്ടി തെങ്ങിൽക്കേറിയപ്പോൾ വീണു എനിക്ക് കാലിനു കേടുപററി. ആരും തിരിഞ്ഞു നോക്കിയില്ല. ‘വിധിയങ്ങിനെയാണവന്റെ. പിഴച്ചെങ്കിൽ നന്നായിരുന്നു’ തമ്പുരാൻ അതു കേട്ടപ്പോൾ ഇങ്ങിനെയാണ് സമാധാനിച്ചതു്.

ഞാൻ പട്ടാളത്തിൽ ചേർന്നപ്പോൾ എനിക്ക് ഒരു പുതിയ ലോകത്തിൽ പ്രവേശിച്ചപ്പോലെ തോന്നി. എന്തു സ്വാതന്ത്ര്യമാണ് എനിയ്ക്കിവിടെ! ഒരു ഗുഹയിൽനിന്നു പുറത്തു കടന്നമാതിരി എനിക്കു ആശ്വാസമുണ്ടായി. ഇവിടെ എന്നെ ആരും തീണ്ടാത്തവൻ എന്നു പറഞ്ഞ് ആട്ടിപ്പായിക്കുന്നില്ല; മൃഗത്തെപ്പോലെ പെരുമാറുന്നില്ല. എല്ലാവരും സമന്മാർ. എന്റെ തമ്പുരാൻ പലപ്പോഴും ഗവമ്മേണ്ടിനെ ദൂഷ്യം പറയാറുണ്ട്. ആയാൾ വേണമെങ്കിൽ രണ്ടാം പത്തിക്കാരൻ കൂടെയായിരുന്നു ഒരു കാലത്തു്. അതിന്റെ കാരണം എന്താണെന്നുവെച്ചാൽ, നികുതിയിൽ ഉറുപ്പികയ്ക്കു് ഒരണ വീതം കൂടിയെന്നതാണ്. നോക്കൂ, ഈ യുദ്ധത്തിനു എത്ര ചെലവുണ്ടു്? ആയിരമായിരം സമ്പാദിക്കുന്ന ഇക്കൂട്ടർക്ക് ഒരണയല്ലേ ചെലവാകുമ്പോഴേയ്ക്കു് പ്രാണൻപോകുന്നു. പക്ഷെ അവർ ഞങ്ങളോടെങ്ങിനെയാണ് പെരുമാറുന്നതു്? ഗവമ്മേണ്ടിന്റെ പെരുമാററമൊ?

ആദ്യം പട്ടാളത്തിൽ എനിക്കു അല്പം ബുദ്ധിമുട്ടുതോന്നി. പക്ഷെ അതിനു കാരണം എന്റെ പോരായ്മ തന്നെയാണ്. എനിയ്ക്കു് അക്ഷരാഭ്യാസമുണ്ടായിരുന്നില്ല; യാതൊരു മര്യാദയും അറിഞ്ഞിരുന്നില്ല. നിങ്ങൾ ചിരിക്കരുതു്, മിലിട്ടറിയുടുപ്പിട്ടു് മൈതാനത്തിൽ നടക്കുമ്പോൾ പലപ്പോഴും ഞാനറിയാതെ എന്റെ കൈമുന്നോട്ടു നീട്ടും, മുമ്പിൽ മൂരികൾ നടക്കുന്നുണ്ടെന്നു കരുതി കരിങ്ങലപ്പു പിടിക്കാൻ! അതികാലത്ത്, തികച്ചും ഉറക്കം തെളിയാതെ എഴുന്നേററു കാപ്പി കുടിക്കാൻ പോവുമ്പോൾ, അബദ്ധിച്ച് ഞാൻ ‘ മ്പഹ്ഹേ’ എന്നു രണ്ടു മൂന്നു പ്രാവശ്യം കൂക്കി വിളിച്ചു. എന്നെ ഈ വിഢ്ഢിത്തത്തിനു ആരും പരിഹസിക്കുകയോ പഴിപറയുകയൊ ചെയ്തിട്ടില്ല. ഓ! എനിയ്ക്കു കുറച്ചു പഠിയ്ക്കാൻ സാധിച്ചിരുന്നെങ്കിൽ! ഞാനെത്ര മിടുക്കനാവുമായിരുന്നു! ഞങ്ങളുടെ ക്യാമ്പിൽനിന്നു ഞാൻ രണ്ടുമാസംകൊണ്ടു എഴുതാനും വായിക്കാനും പഠിച്ചു. ഇപ്പോൾ എനിക്ക് ഒരെട്ടാം ക്ലാസ്സുവരെ പഠിച്ച വിവരമുണ്ടു്. സ്വല്പം കണക്കറിയാം, ഇംഗ്ലീഷ് കൂട്ടിച്ചു് വായിക്കാനറിയാം; യാതൊരു പ്രയാസവും കൂടാതെ മേൽവിലാസംമെഴുതാം. കൂടാതെ തമിഴും, ഉർദുവും നല്ലതായിട്ടു സംസാരിക്കാനും കഴിയും.”

“ഏക്നയാ നൻസാർ ബസാലേ ഏക്നയാ സൻസാർ!” ഒരു കൊച്ചു യാചകബാലൻ ഇങ്ങിനെ പാടിക്കൊണ്ടു ഞങ്ങളുടെ അടുത്തുവന്നു. എന്റെ സ്നേഹിതൻ അവനു യാതൊരു മടിയും കൂടാതെ രണ്ടണ വലിച്ചിട്ടു കൊടുത്തു. പണ്ട്, ആയാളും വളന്നതു ഈ കുഞ്ഞിനെപ്പോലെയായിരിക്കാം.

“എന്താണ് ഈ പാട്ടിന്റെ അത്ഥം?” ഞാൻ ചോദിച്ചു.

“അതോ? ഒരു പുതിയ ലോകം ഉത്ഭവിയ്ക്കട്ടെ—ഒരു പുതിയ ലോകം എന്നാണ്.” ആയാൾ പറഞ്ഞു. “നല്ല ഒരാദർശം; ഒരു പുതിയ ലോകം—പട്ടിണിയും പാമരത്വവും മർദ്ദനവും ഇല്ലാത്ത ഒരു ലോകം—അതിനുവേണ്ടിയാണ് നാം ശ്രമിക്കേണ്ടതു്. നമ്മുടെ നാട്ടിൽ എത്ര നിരക്ഷരകുക്ഷികളാണു; നിരാധാരജീവികളാണ്. അവരുടെ മേന്മയിലാണു രാജ്യത്തിന്റെ പുരോഗതിയും.”

ഞാൻ വാസ്തവത്തിൽ അതിശയിച്ചു. എന്തൊരു കൂർമ്മബുദ്ധിയാണ് ഈയാൾക്കു്. ഇന്നലെവരെ എന്നുതന്നെ പറയാം, ലോകമെന്താണെന്നറിയാത്ത ഈ പുലയ യുവാവ് ഇന്നു ഒരു ഡോക്ടരെപ്പോലെ ഇന്ത്യൻ സമുദായത്തിന്റെ രോഗങ്ങൾക്കു പ്രതിവിധി കണ്ടുപി

ടിക്കുന്നു! “നിങ്ങൾ ഈ പറഞ്ഞതു വളരെ വാസ്തവമാണ്” ഞാനുത്തരം പറഞ്ഞു. “ആദ്യമായി ഇന്ത്യയിൽ വന്നപ്പോൾ, നമ്മുടെ ഇപ്പോഴത്തെ വൈസ്രോയി വേവൽപ്രഭുവും ഇതുതന്നെയാണ് പറഞ്ഞത്. യുദ്ധത്തിന്നുശേഷം ഈ ലക്ഷ്യപ്രാപ്തിക്കായി ഗവൺമെണ്ടു പല പദ്ധതികളും തയ്യാറാക്കുന്നുണ്ടു്. ഒന്നു തീർച്ചയാണ്; നമ്മൾ മുന്നോട്ടു തന്നെയാണ് പോകുന്നത്”.

“നമ്മുടെ നാട്ടിൻപുറങ്ങളിലേയ്ക്കു ഒന്നു കണ്ണോടിച്ചാൽ” ആയാൾ തുടർന്നു. “ഹൃദയമുള്ളവൻ കരഞ്ഞുപോകും. ഞാൻ കഴിഞ്ഞ പ്രാവശ്യം വീട്ടിൽച്ചെന്നപ്പോൾ എന്നാൽക്കഴിയുന്നതും ശ്രമിച്ചു. എനിക്കു രണ്ടു കൊച്ചനിയന്മാരുണ്ടു്; അവരെ സ്കൂളിൽ ചേർത്തു. അവർക്കു നല്ല ഉടുപ്പു വാങ്ങിക്കൊടുത്തു. വീടെല്ലാം വൃത്തിയായി വെക്കുവാൻ അമ്മയെ പഠിപ്പിച്ചു. അവർക്കും കൂടെ തോന്നി ഞാൻ വളരെ ഭേദപ്പെട്ടിരിക്കുന്നുവെന്ന്. എൻെറ അമ്മ അഭിമാനപൂർവ്വം അയൽവക്കത്തുകാരോടു പറഞ്ഞു: “എൻെറ ചെക്കന് ഇപ്പോ വാരിയത്തെ തമ്പ്രാനേക്കാൾ പടിപ്പുണ്ടു്. ഓൻെറ ഇങ്കിരീസ് കേട്ടാ ബി.എ. ബി.എ. എന്നു തോന്നും ൻെറ കാളേ്യടത്തീ”.

എൻെറ ഒരനുജൻ ഇപ്പോൾ നാലാം ക്ലാസിലാണു പഠിക്കുന്നത്. അവനാണു എനിക്കുള്ള എഴുത്തുകൾ എഴുതാറുള്ളത്. മുമ്പു പല്ലവുരുടേയും കാലു പിടിക്കണം അമ്മയ്ക്കു എനിക്കൊരെഴുത്തയക്കാൻ. എൻെറ വരവു കേട്ടാലവരെത്ര ആനന്ദിക്കും! അടുത്തുള്ള തമ്പ്രാന്മാർകൂടെ എന്നെ കാണാൻവരും. അവർ സൂത്രക്കാരാണ്. എൻെറ കയ്യിൽ നിന്നെന്തെങ്കിലും തട്ടിക്കാൻ വരികയാണ്. അവർക്കു എന്നിൽ ഒരവകാശബോധമുള്ളപോലെ ഒരു നടിപ്പ്. ഞാൻ കാലുറയും, ഷൂസും, കുപ്പായവുമിട്ടു നടക്കുമ്പോൾ, അവർക്കു എന്തൊരസൂയയാണെന്നോ? “ഈ ചേററിൽക്കിടന്ന അട്ടയെപ്പോലെ ഇഴഞ്ഞിരുന്ന ഇവൻെറ ധാരയുടെ വേഷവും പത്രാസും! ഹും!” അവർ തമ്മാമ്മിൽ പിറുപിറുക്കും. നന്നാവുന്നതു കണ്ടുകൂടാത്ത വർഗ്ഗം!.

“ആരെന്തുതന്നെ പറഞ്ഞാലും, ഞാനിന്നു തികച്ചും ആത്മവിശ്വാസമുള്ള ഒരാളാണ്. കുറച്ചു കൊല്ലത്തോളമായുള്ള എൻെറ പട്ടാളജീവിതം എന്നെ ഒരു പുതിയ മനുഷ്യനാക്കിയിട്ടുണ്ടു്. എനിക്കു പല ആശകളും ഉണ്ടു്. അവയൊക്കെ ഫലപ്രദമാക്കുന്നതിന്നു ഞാൻ ശ്രമിക്കുകയും ചെയ്യും. ഇപ്രാവശ്യം ഞാൻ നാട്ടിൽപോയാൽ, ഉടനെ ചെയ്യാനുദ്ദേശിക്കുന്നത് ഞങ്ങളുടെ നാട്ടിൽ ഒരു വായനശാല തുറക്കുവാനാണ്. ഞാൻ എത്രകണ്ടു് വിജയിക്കുമെന്നു എനിക്കിപ്പോൾ പറയാൻവയ്യ. നോക്കൂ, 10,000 ത്തിലധികം ജനങ്ങൾ നിവസിക്കുന്ന ഞങ്ങളുടെ അംശത്തിൽ ഒരു വായനശാലയില്ല. അവർക്കു യുദ്ധവർത്തമാനങ്ങളൊന്നും അറിഞ്ഞുകൂടാ. കുഞ്ഞിരാമൻ നായർ—ആയാൾ അന്നാട്ടിലെ ഒരു കൺട്രോൾ കച്ചവടക്കാരനാണ്—പൊന്നാനിപ്പോവുമ്പോഴോ, ചേക്കുട്ടിയാജിയുടെ പീടികയിൽനിന്നു കേട്ടതോ, മമ്മുവിന്നു ചന്തയിൽനിന്നു കിട്ടിയതോ, ഗോപാലൻ നായരുടെ മകളുടെ ഭർത്താവിൻെറ അനുജൻെറ സ്നേഹിതൻെറ അളിയൻ പൊട്ടിച്ചതോ ആയ പഴഞ്ചൻ വർത്തമാനങ്ങളാണു അവിടെ കിട്ടുന്നത്. മുക്കാൽഭാഗവും നുണയായിരിക്കും. എന്നിട്ടു വെറുതെ ആളുകൾക്കിടയിൽ ഭയവും വേവലാതിയും! ഈ വിഷമത്തിന്നു ഒരു പരിഹാരം കണ്ടുപിടിക്കേണ്ടതു അത്യാവശ്യമാണ്.” ആയാൾക്കു അവേശംകൊണ്ടു ശ്വാസം മുട്ടിയപോലെ തോന്നി.

വല്ലാത്ത തണുപ്പ്. വണ്ടിയ്ക്കുള്ളിൽ ഇത്രയൊക്കെ ആൾ തിങ്ങിയിട്ടും എല്ലാവരും ഉറങ്ങുന്നു. ചിലർ മററുള്ളവരുടെ ചുമലിൽ കൊച്ചുകുട്ടികളെപ്പോലെ തലചാച്ചുകൊണ്ടു, മററു ചിലർ “അമ്മാമൻ മരിച്ചാൽ അമ്മായിയുടെ ദുഃഖമെങ്ങിനെയെടാ രാമാ!” എന്നു കുറവൻ ചോദിച്ചാൽ മൊച്ച കാണിക്കാറുള്ള ആ മട്ടിൽ തല നെഞ്ഞിലേയ്ക്കു തൂക്കിയിട്ടിട്ടു, വേറെ ചിലർ തലകുത്തി നിന്നിട്ടു, കുറെക്കൂടി കൂസലില്ലാത്ത ആളുകൾ മററു ചിലരുടെ നെഞ്ഞിൽക്കിടന്നിട്ടു,—ഇങ്ങിനെ എല്ലാവരും ഉറങ്ങുകയാണ്. ആ മൂലയ്ക്കലിരിക്കുന്ന ചെട്ടിയാർ മാത്രമുണ്ടു ഉറങ്ങാതിരിക്കുന്നു. കാരണം ആയാൾക്കു ഉറങ്ങാൻ യാതൊരു വഴിയുമില്ല. ആയാളുറങ്ങിയാൽ മറെറല്ലാവരും ഉണർന്നിരിക്കണം. ആയാളുടെ കൂർക്കംവലി അത്ര ഭയങ്കരമാണ്. ഉറങ്ങുന്ന പലരും അതുകേട്ടു വിമാനത്തിൻെറ ശബ്ദമാണെന്നു വിചാരിച്ചു ഞെട്ടിയുണർന്നു! ഒടുവിൽ എല്ലാവരും കൂടെ ആയാൾ ഉറങ്ങാൻ പാടില്ലെന്നു വിധിച്ചു. പാവം! ഉറക്കം തൂക്കിയിടക്കു വീഴാൻപോകുന്നു. അപ്പോഴൊക്കേയും “അമ്മാടി” എന്ന ഒരു ദീനസ്വരം ഉച്ചരിച്ച് കണ്ണു തുറക്കുന്നു. നേരം വെളിച്ചമായി വണ്ടി കോയമ്പത്തൂരെത്തി. ഞങ്ങൾ രണ്ടുപേരും ‘കാക്ക’യുടെ പീടികയിൽ നിന്നു അല്പം ചായയും കുടിച്ച് ഒരോ സിഗററും കത്തിച്ചു വലിച്ചുകൊണ്ടു പ്ലാററുഫോറത്തിൽ ചെററിട ഉലാത്തി.

വീണ്ടും ഞങ്ങൾ വണ്ടിയിൽക്കയറി. മുഴമിപ്പിക്കാത്ത തൻെറ കഥ വീണ്ടും ആയാൾ തുടർന്നു. “യുദ്ധം കഴിഞ്ഞാൽ, എൻെറ ഉദ്ദേശ്യം ഞങ്ങളുടെ നാട്ടിലെ പാവങ്ങൾക്കുവേണ്ടി ഒരു വിദ്യാലയം സ്ഥാപിക്കണമെന്നാണ്. ഇപ്പോഴും അവിടെ ഒരു സ്കൂളുണ്ടു്; അവിടുത്തെ അധ്യാപകന്മാർ, കുട്ടികളെ പഠിപ്പിക്കുന്നതിനേക്കാളധികം ശ്രദ്ധ കാണിക്കുന്നതു്, ചില ശിഷ്യന്മാരുടെ വീട്ടിലുള്ള സ്ത്രീകൾക്കു കത്തുകളെഴുതുവാനാണ്. പിന്നെ പാവങ്ങളെ അവർക്കു ആവശ്യമില്ല; ഇൻസ്പെക്ടർ വരുമ്പോൾ മാത്രം ബെഞ്ചു നിറയാൻ വേണ്ടി സാധുകുട്ടികളെ അവർ കുളിപ്പിച്ചു കുറിതൊടുവിച്ചു തൃക്കാക്കര അപ്പനെ അണിയിച്ചിരുത്തും പോലെ പ്രതിഷ്ഠിക്കും. എന്നെ പല സ്നേഹിതന്മാരും ഇതിൽ സഹായിക്കുമെന്നു വാഗ്ദത്തം ചെയ്തിട്ടുണ്ടു്.

“നിങ്ങളെപ്പോലെ ഉള്ള ആശയം എല്ലാ പട്ടാളക്കാർക്കും ഉണ്ടാവട്ടെ എന്നു ഞാൻ ആശിക്കുന്നു” ഞാൻ ആയാളെ പ്രോത്സാഹിപ്പിക്കാൻ ശ്രമിച്ചു “എന്നാൽ നമ്മുടെ നാട്ടിൻെറ ഭാഗ്യമാണ്. കുഗ്രാമങ്ങളിൽ പുതിയ പരിഷ്കാരത്തിൻെറ വെളിച്ചം പരത്തുന്ന ദീപസ്തംഭങ്ങളായിരിക്കും അവർ.”

“ശരിയാണ്. പക്ഷെ ഈ പറയുന്നതൊന്നും അത്ര എളുപ്പമല്ല. അന്ധവിശ്വാസവും, അറിവില്ലായ്മയും, ദാരിദ്ര്യവും കുടിയിരിക്കുന്ന ഗ്രാമങ്ങൾ മുന്നോട്ടു വരണമെങ്കിൽ വളരെ വിഷമമാണ്. ഗവമ്മെണ്ടു ഇക്കാര്യത്തിൽ ചെയ്യുന്ന കൃത്യം ഏററവും സന്ദർഭോചിതമായിരിക്കുന്നു. ജനങ്ങളുടെ നന്മയ്ക്കു വേണ്ടിയുള്ള ഈ പ്രവർത്തനങ്ങളിൽ എല്ലാ ജനങ്ങളുടേയും സഹകരണമുണ്ടാവും, തീർച്ചയാണ്.”

“ഷൊർണ്ണൂർ, ഷൊർണ്ണൂർ” പോർട്ടർ വിളിച്ചു പറഞ്ഞു. ധൃതിയിൽ സാമാനങ്ങളെല്ലാമെടുത്തു എൻെറ കൂട്ടാളി പുറത്തു കടന്നു. ആയാൾ കൈ നീട്ടി “അപ്പോൾ ഞാൻ പിരിയട്ടെ” ഞങ്ങൾ കൈപിടിച്ചു കുലുക്കിപ്പിരിഞ്ഞു.

ഞാൻ ആലോചിച്ചു, ഇങ്ങനെയുള്ള പട്ടാളക്കാരെയാണു ചിലർ കൂലിപ്പട്ടാളക്കാരെന്നു പറയുന്നതു്! ഇന്ത്യൻ പട്ടാളം കർത്തവ്യബോധത്തിലും, ദേശാഭിമാനത്തിലും, മറേറതു പട്ടാളത്തോടും കിട പിടിക്കുന്നുണ്ടു എന്നതിൻെറ ഒരു ലക്ഷ്യം ഈ യുവയോദ്ധാവാണ്. യുദ്ധത്തിന്നു അതിൻെറ ദൂഷ്യങ്ങളുള്ളപോലെ ചില ഗുണങ്ങളുമുണ്ടു്.

-ശുഭം-

“തീവ്രസമരപ്പിശാചിന്നൊരിക്കലെ-
ത്തീനായിയെന്നാൽ, കരയരുതാരുമേ;
ഒന്നിനും കൊള്ളാതെ ജീവിച്ചിരിക്കവാ-
നെന്നെയനുവദിക്കില്ലെൻെറ പൌരുഷം!

പോർക്കളം കാൺകവേ, ചോരതിളക്കുന്നു,
പൊട്ടിത്തെറിക്കുന്നിതെന്നുടെ ഹൃത്തടം!
എത്തിക്കഴിഞ്ഞതാണെൻ തീർത്ഥയാത്രയി-
ലിത്രനാളും കൊതിച്ചുള്ളൊരാരക്കോവിലിൽ!!”

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, “VICTORY HOUSE”, MOUNT ROAD, MADRAS.